No/450/2022/SRG/LSGD(CC)(7)

**<u>വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022 ന നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്</u>**

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സെക്രട്ടറിയേറ്റ് അനക്സ് II -ലെ ലയം ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ- എക്സൈസ് വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. സാധാരണ കോഓർഡിനേഷൻ കമ്മിറ്റിയോഗങ്ങളിൽ ക്രമ നമ്പർ ഒന്ന്, രണ്ട് ആയി ഉൾപ്പെടുത്തുന്ന പദ്ധതി പുരോഗതി അവലോകനം, മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലെ തീരുമാനപ്രകാരം വകുപ്പുമേധാവികൾ സ്വീകരിക്കേണ്ട തുടർനടപടി എന്നിവ ഇന്നത്തെ യോഗത്തിലെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്രമനമ്പർ മൂന്ന്, നാല് ആയി വരുന്ന പൊതുവിഷയങ്ങളും പ്രത്യേകവിഷയങ്ങളുമാണ് ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**3. <u>പൊതു വിഷയം</u>**

1) വിവിധ വികസന വകുപ്പുകളും തദ്ദേശഭരണസ്ഥാപനങ്ങളും പല വികസന ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. വകുപ്പു നേരിട്ട് നടപ്പാക്കുന്ന പദ്ധതികൾ പലപ്പോഴും എല്ലാവരിലും എത്താറില്ല എന്ന സാഹചര്യം ഉണ്ട്. വികസന വകുപ്പിനോടൊപ്പം തദ്ദേശഭരണസ്ഥാപനങ്ങൾ നേരിട്ട് നടപ്പാക്കുന്ന പദ്ധതികളും കൂടി ചേരുമ്പോൾ പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാണ് എങ്കിലും ചില ഇടപെടലുകൾ ആവശ്യമാണെന്ന് യോഗം വിലയിരുത്തി. മതിയായ ബഡ്ജറ്റ് വിഹിതം ഉള്ള വകുപ്പുകളുടെ സമാനസ്വഭാവമുള്ള പദ്ധതികൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത് നിരുത്സാഹപ്പെടുത്താവുന്നതാണെന്ന് യോഗം വിലയിരുത്തി. അതുവഴി ലാഭിക്കുന്ന ഫണ്ട് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണെന്നും യോഗം നിരീക്ഷിച്ചു. ഈ സാഹചര്യത്തിൽ ഓരോ വകുപ്പു മേധാവികളേയും ഉൾപ്പെടുത്തി ഒരു യോഗം വിളിക്കാനും ഓരോ പദ്ധതികളുടേയും നിർവ്വഹണം ചിട്ടപ്പെടുത്താനും ഇതിന്മേൽ തുടർനടപടി സ്വീകരിക്കാനും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

2) പല തദ്ദേശഭരണസ്ഥാപനങ്ങളും കൈമാറിക്കിട്ടാത്ത / ഘടക സ്ഥാപനങ്ങൾ അല്ലാത്തവയ്ക്ക് വേണ്ടി പ്രോജക്ട് ഏറ്റെടുക്കുന്ന ധാരാളം ഉദാഹരണങ്ങൾ ഉണ്ട്. ഒപ്പം തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടാത്തവയ്ക്കും പ്രോജക്ടുകൾ ഏറ്റെടുക്കുന്നുണ്ട്. ഇങ്ങനെയുള്ള പ്രവൃത്തികൾ എത്രത്തോളം തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ടെന്ന് വിലയിരുത്താൻ യോഗം തീരുമാനിച്ചു. ഇതിന്റെ വിശദാംശംങ്ങൾ ശേഖരിക്കാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

**നടപടി:- 1)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3) തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൂതനവും മാതൃകാപരവുമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ആശയങ്ങൾ നൽകണം. ഇത്തരം മാതൃകാ പ്രോജക്ടുകളും മാതൃകാ മോഡലുകളും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കണം. ഇതിനായി വിവിധ മേഖലകളിലെ വിദഗ്ധന്മാരുടെ സേവനം ഉപയോഗപ്പെടുത്തണം. കില, കെ-ഡിസ്ക് പോലുള്ള സ്ഥാപനങ്ങളുമായി ചേർന്ന് ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ എസ്.ആർ.ജിയെ ചുമതലപ്പെടുത്തി. ഇത്തരം

പ്രോജക്ടുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. പല തദ്ദേശഭരണസ്ഥാപനങ്ങളും മികച്ചതും നൂതനവുമായ ധാരാളം പ്രോജക്ടുകൾ എടുത്തിട്ടുണ്ട്. അവ മറ്റു തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൂടി കൈമാറണം. ഇത് സാധ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കണം.

**നടപടി:- 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**പ്രത്യേക വിഷയം**

**===================**

**4.1 <u>പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2022 ലെ കത്തും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.09.22 ലെ B1185 (140/22)/ 2021-ാം നമ്പർ കത്തും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 31.08.2022 ലെ 2(1)/2022-ാം നമ്പർ തീരുമാനവും (SRG 977/22)**

**വിഷയം:-** ഡയാലിസിസ് യൂണിറ്റിലെ ജീവനക്കാർക്ക് വേതനം സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 119/22*** | ***അടങ്കൽ*** | ***19,04,000/- രൂപ*** |
| | *തനത് ഫണ്ട്* | ***2,72,000 രൂപ*** |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | ***16,32,000 രൂപ*** |
| ***പേര്*** | ***ഡയാലിസിസ് യൂണിറ്റിലെ താല്ക്കാലിക ജീവനക്കാർക്ക് വേതനം*** | |

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിലെ തോളൂർ സി.എച്ച്.സിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇതിനായി ഒരു ഡോക്ടർ, രണ്ടു ഡയാലിസിസ്സ് ടെക്നീഷ്യന്മാർ, രണ്ട് സ്റ്റാഫ് നേഴ്സുമാർ എന്നിവരെ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർക്ക് വേതനം നൽകുന്നതിനാണ് പ്രോജക്ട്. ഇതിനായി ബ്ലോക്ക് പരിധിയിലെ 6 ഗ്രാമപഞ്ചായത്തിലെ വിഹിതം തോളൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർക്ക് കൈമാറി വേതനം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇവർക്കുള്ള വേതനം HMCയിൽ നിന്നു കണ്ടെത്തേണ്ടതാണ്. HMCയിൽ ലഭ്യമായ ഫണ്ട് തികയാതെ വന്നാൽ മാത്രം മുകളിൽ പറഞ്ഞ പ്രകാരം തുക ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.2 <u>മങ്കട ബ്ലോക്ക് പഞ്ചായത്ത്</u>**

**ബഹു.മങ്കട എം.എൽ.എ യുടെ 27.09.2022 ലെ കത്തും മങ്കട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.09.2022 ലെ കത്തും (SRG 1067/22)**

**വിഷയം:-** മങ്കട സി.എച്ച്.സിയിലേക്ക് ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നത് സംബന്ധിച്ച്.

| പ്രോ.നം: 61/23 | അടങ്കൽ | 13,29,140/- രൂപ |
|---|---|---|
| | തനത് ഫണ്ട് | 11,29,140 രൂപ |
| | ഗ്രാമപഞ്ചായത്ത് വിഹിതം | 2,00,000 രൂപ |
| പേര് | ബ്ലോക്ക് സി.എച്ച്.സിയിലേയ്ക്ക് രാത്രികാല സേവനത്തിന് ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കൽ | |

മങ്കട സി.എച്ച്.സിയിൽ മങ്കട ഗ്രാമപഞ്ചായത്തുമായി ചേർന്ന് രാത്രികാലത്തേക്ക് ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംഹബന്ധിച്ച്.

**തീരുമാനം :-** ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് രണ്ടു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാൻ മാർഗ്ഗരേഖ പ്രകാരം നിലവിൽ അനുമതിയുണ്ട്. ഇതിനു പുറമെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് അധിക സ്റ്റാഫിനെ നിയമിക്കണമെന്ന ആവശ്യം നിരസിച്ചു. അധിക ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കണമെന്ന ആവശ്യം ആരോഗ്യ വകുപ്പിനു നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.3 <u>കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2022 ലെ കത്ത് (SRG 1090/22 - CC/579/22)**

**വിഷയം:-** പാലിയേറ്റീവ് രോഗികൾക്ക് പരിചരണം നൽകുന്നതു സംബന്ധിച്ച്.

| പ്രോ.നം: 23/23 | അടങ്കൽ | 28,00,000/ രൂപ |
|---|---|---|
| | വികസനഫണ്ട് ജനറൽ | 10,00,000 രൂപ |
| | ഗ്രാമപഞ്ചായത്ത് വിഹിതം | 18,00,000 രൂപ |
| പേര് | വയോമിത്രം പദ്ധതി | |

ഡോക്ടർ, നേഴ്സ് എന്നിവരുടെ സേവനം വയോജനങ്ങളുടെ വീടുകളിൽ ആഴ്ചയിൽ 6 ദിവസവും എത്തിക്കുന്നതിനും ആവശ്യമായ മരുന്നു നൽകുന്നതിനുമാണ് പ്രോജക്ട്. ഡോക്ടർമാരുടേയും സ്റ്റാഫ് നേഴ്സിന്റെയും വേതനം, മരുന്ന്, സാധനസാമഗ്രികൾ, വാഹനവാടക എന്നിവയാണ് ചെലവിനങ്ങൾ. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** പാലിയേറ്റീവ് പരിപാടിയുടെ ഭാഗമായിട്ടുള്ളതാണ് ഈ പ്രവർത്തനങ്ങൾ എന്ന് യോഗം വിലയിരുത്തി. കൂടാതെ പ്രോജക്ടിലെ പ്രധാന വിഹിതം ഗ്രാമപഞ്ചായത്തുകളുടേതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം കൂടി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി നടപ്പാക്കുന്നതിന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.4 കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.10.2022 ലെ കത്ത് (SRG 1186/22 - CC/726/22)**
**വിഷയം:-** കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി - ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ

| | | |
|---|---|---|
| *പ്രോ.നം: 642/23* | ***അടങ്കൽ*** | *5,00,000/ രൂപ (വികസനഫണ്ട് ജനറൽ)* |
| ***പേര്*** | ***കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി - ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ*** | |

കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് വിഹിതം നൽകുന്നതിന് ജില്ലാ പഞ്ചായത്ത് 5.00 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. ബഹു വർഷമായി 25.00 ലക്ഷം രൂപ വകയിരുത്താൻ ഉദ്ദേശിക്കുന്നു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ജില്ലാ പഞ്ചായത്ത് മാത്രമാണ് ഇതിനായി വിഹിതം വകയിരുത്തിയിരിക്കുന്നത്. കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയുടെ ഉടമസ്ഥതയുള്ള ബ്ലോക്കു പഞ്ചായത്തും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തും കൂടി ചേർന്ന് സംയുക്തമായി പ്രോജക്ട് നടപ്പാക്കുന്നതാണ് ഉചിതമെന്ന് യോഗം വിലയിരുത്തി. ഈ രീതിയിൽ മതിയായ വിഹിതം വകയിരുത്തി പ്രോജക്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.5 കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.11.22 ലെ കത്ത് (SRG 1247/22 - CC/756/22)**
**വിഷയം:-** ക്യാൻസർ പരിശോധനയുടെ ഭാഗമായി ടെക്നീഷ്യനെ നിയമിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 705/23* | ***അടങ്കൽ*** | *15,00,000/ രൂപ (വികസനഫണ്ട് ജനറൽ)* |
| ***പേര്*** | ***ക്യാൻ കോട്ടയം*** | |

ക്യാൻസർ പരിശോധനക്കുവേണ്ടിയുള്ളതാണ് പ്രോജക്ട്. 30 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകളിൽ സ്ക്രീൻ ടെസ്റ്റ് നടത്തി രോഗ നിർണ്ണയം നടത്തുന്നതാണ് പദ്ധതി. കോട്ടയം ജില്ലയിൽ ക്യാൻസർ നിർണ്ണയത്തിനു സംവിധാനം അപര്യാപ്തമാണ്. അതിനാൽ ജില്ലയിൽ ഒരു പത്തോളജി ലാബ് സജ്ജമാക്കേണ്ടതുണ്ട്. പത്തോളജിസ്റ്റിനെ (**Doctor with PG in Pathology)** ആരോഗ്യ വകുപ്പ് വർക്കിംഗ് അറേഞ്ച്മെന്റ് രീതിയിൽ നിയമിക്കും. ഒപ്പം ക്യാൻസർ നിർണ്ണയത്തിൽ പരിശീലനം സിദ്ധിച്ച സൈറ്റോ ടെക്നോളജിസ്റ്റ്, ലാബ് ടെകിനീഷ്യൻ, ലാബ് അറ്റൻറ്റർ എന്നിവരെ (ഒരാൾ വീതം) താല്കാലികാടിസ്ഥാനത്തിൽ നിയമിക്കണം. അതിനായുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.6 കാസർഗോഡ് ജില്ലാ പഞ്ചായത്ത്

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.11.222-ലെ കത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.10.2022-ലെ** C2 -1911/22-ാം **നമ്പർ കത്തും, പ്രോജക്റ്റ് റിപ്പോർട്ടും അനുബന്ധരേഖകളും (SRG 1240/22 - CC/712/22).**

**വിഷയം:** കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ ജെറിയാട്രിക് വാർഡിൽ സ്റ്റാഫിനെ നിയമിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 310/23*** | ***അടങ്കൽ*** | ***37,34,625 രൂപ (വികസനഫണ്ട് ജനറൽ)*** |
| ***പേര്*** | ***കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ജെറിയാട്രിക് വാർഡ് പ്രവർത്തനക്ഷമമാക്കൽ*** | |

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ജെറിയാട്രിക് വാർഡ് മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്ത് ഈ വർഷം പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം ആകെ അടങ്കൽ 47.00 ലക്ഷം രൂപയാണ്. ആശുപത്രിയിലേയ്ക്ക് മരുന്ന്, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതോടൊപ്പം താഴെപ്പറയുന്നവരെക്കൂടി നിയമിക്കേണ്ടതുണ്ട്.

ഡോക്ടർ - 1 - വേതനത്തിനുവേണ്ട തുക 6,80,000 രൂപ

സ്റ്റാഫ് നഴ്സ് - 2 - വേതനത്തിനുവേണ്ട തുക 4,80,000 രൂപ

ഹോസ്പിറ്റൽഅറ്റൻഡന്റ് - 3 - വേതനത്തിനുവേണ്ട തുക 5,94,00 രൂപ

മുകളിൽ പറഞ്ഞവരെക്കൂടി താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ച് ജെറിയാട്രിക് വാർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ജറിയാട്രിക് വാർഡിന് ആവശ്യമായ ഉപകരണങ്ങൾ മുതലായ സൗകര്യങ്ങൾ ഉണ്ടോ എന്നതടക്കമുള്ള വിശദാംശങ്ങൾ പരിശോധിച്ച് അഭിപ്രായം നൽകാൻ ആരോഗ്യവകുപ്പ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1)ഡയറക്ടർ, ആരോഗ്യവകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.7. പരപ്പനങ്ങാടി നഗരസഭ

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.09.2022-ലെ കത്തും പരപ്പനങ്ങാടി നഗരസഭ സെക്രട്ടറിയുടെ 14.09.2022-ലെ** A2/12033/2022 -ാം **നമ്പർ കത്തും (SRG -1007/22 - CC/546/22).**

**വിഷയം:** കിഡ്നി, കരൾ ഇവ മാറ്റിവച്ചവർക്ക് മരുന്ന് നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 435/22*** | ***അടങ്കൽ*** | ***10,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | ***കിഡ്നി, കരൾ മാറ്റി വച്ചവർക്ക് മരുന്ന്*** | |

പരപ്പനങ്ങാടി നഗരസഭ കഴിഞ്ഞ വർഷം കിഡ്നി മാറ്റിവച്ചവർക്ക് മരുന്നു വാങ്ങി നൽകുന്നതിനുള്ള പ്രോജക്റ്റ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. 14.09.2021-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ ഇതു നടപ്പാക്കി. രോഗികൾക്ക്

ആവശ്യമായ മരുന്ന് കമ്മ്യൂണറ്റി ഹെൽത്ത് സെന്ററിൽ വാങ്ങി ശേഖരിച്ച് സി.എച്ച്.സി.യിലെ ഡോക്ടർമാരുടെ നിർദ്ദേശ പ്രകാരം മരുന്ന് നൽകാനാണ് അനുമതി നൽകിയത്. കിഡ്നി മാറ്റിവച്ചവരോടൊപ്പം കരൾമാറ്റിവച്ചവർക്കും മരുന്നു വാങ്ങി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** 14.09.2021–ലെ കോഓർഡിനേഷൻ കമ്മിറ്റി മിനിറ്റ്സ് (ഖണ്ഡിക 4.28) പ്രകാരം കിഡ്നി മാറ്റി വച്ചവർക്ക് "ആവശ്യമുള്ള മരുന്ന് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ /പി.എച്ച്.സി സെന്ററിൽ വാങ്ങി ശേഖരിച്ച് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ /പി.എച്ച്.സി.യിലെ ഡോക്ടർമാരുടെ നിർദ്ദേശ പ്രകാരം നൽകുന്നതിന്" ആണ് അനുമതി നൽകിയിരുന്നത്. ഇതേ രീതിയിൽ കരൾ മാറ്റിവച്ചവർക്കു കൂടി മരുന്നു CHC/PHC (നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആശുപത്രി) കളിൽ വാങ്ങി ശേഖരിച്ച് ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം നൽകാൻ അനുമതി നൽകുന്നു. എന്നാൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബെനവലന്റ് ഫണ്ട് എന്നിവയടക്കമുള്ള ഇൻഷ്വറൻസ് പദ്ധതിയിലുള്ളവർക്കും മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും ഈ പദ്ധതിയിലൂടെ സഹായം നൽകാവുന്നതല്ല എന്ന് അറിയിക്കുന്നു. ഒപ്പം മാർഗ്ഗരേഖ പ്രകാരമുള്ള വരുമാന പരിധി (പൊതു വിഭാഗത്തിന് 2.00 ലക്ഷം രൂപ, പട്ടികജാതി വിഭാഗത്തിന് 3.00 ലക്ഷം രൂപ, പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല) പാലിക്കേണ്ടതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**4.8 <u>നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്</u>**

**നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (ലഭിച്ചത് 19.10.2022) നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.07.2022 ലെ 1 (2)–ാം നമ്പർ തീരുമാനവും (SRG 1099/22)**

**വിഷയം:–** റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് റോഡ് കോൺക്രീറ്റിംഗിനു അനുമതി സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലെയും റോഡുകൾ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് കോൺക്രീറ്റു ചെയ്യാൻ ഉദ്ദേശിക്കുന്നു. ഓരോ വാർഡിലും 5.00 ലക്ഷം രൂപയാണ് റോഡ് മെയിന്റനൻസ് ഗ്രാന്റിനത്തിൽ ലഭിക്കുന്നതെന്നും ഇതുപയോഗിച്ച് ടാറിംഗിനായി ടെണ്ടർ ക്ഷണിച്ചാൽ ആരും പങ്കെടുക്കില്ലെന്നും അറിയിച്ചിരിക്കുന്നു. അതിനാൽ ഓരോ വാർഡിലും ലഭ്യമായ തുകയ്ക്ക് റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് കോൺക്രീറ്റിംഗ് ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** എല്ലാ വാർഡിലും ഫണ്ടു വീതം വയ്ക്കുന്ന രീതി അഭിലഷണീയമല്ല എന്ന് യോഗം വിലയിരുത്തി. മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പുതിയ കോൺക്രീറ്റിംഗിനു പൊതു അനുമതി നൽകണമെന്ന ആവശ്യം നിരസിച്ചു. എന്നാൽ അറ്റകുറ്റപ്പണിയുടെ ഭാഗമായി കോൺക്രീറ്റിംഗ് ആവശ്യമായി വന്നാൽ അത്തരം

പ്രവർത്തികൾക്ക് മാത്രം പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു. ഇത് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രത്യേകം പരിശോധിച്ച് ഉറപ്പുവരുത്തണം.

**നടപടി:- 1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**

**2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**4.9 കോഴിക്കോട് കോർപ്പറേഷൻ**

**ബഹു.കോഴിക്കോട് കോർപ്പറേഷൻ മേയറുടെ 06.06.2022 ലെ** D1/10453/13-ാം **നമ്പർ കത്തും കോർപ്പറേഷൻ കൗൺസിലിന്റെ 31.05.2022 ലെ 135-ാം നമ്പർ തീരുമാനവും (SRG 1285/22 - LSGD-Fm1/211/2022 - LSGD)**

**വിഷയം:-** നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് കോർപ്പറേഷന്റെ സ്വന്തം കെട്ടിടത്തിന്റെ മെയിന്റനൻസ് പ്രവൃത്തിക്ക് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

കോഴിക്കോട് കോർപ്പറേഷൻ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റൻസിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നുണ്ട്. പലപ്പോഴും നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് മിച്ചം വരുന്നുണ്ട്. കോർപ്പറേഷന്റെ ആസ്തിയിൽപ്പെട്ട കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്ക് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഒറ്റത്തവണ ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു പിന്നീട് പരിഗണിക്കാൻ മാറ്റിവച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ്**

**4.10 വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.2022 ലെ കത്തും വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 05.09.2022 ലെ 1(1)-ാം നമ്പർ തീരുമാനവും (SRG 973/23 - CC/545/22)**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണിക്ക് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 56/23* | *അടങ്കൽ* | *10,00,000/- രൂപ (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)* |
| *പേര്* | *വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപ്പണികൾ* | |

പലപ്പോഴും വെള്ളം കയറുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരിക്കേണ്ടത് ആവശ്യമാണ്. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**നടപടി:- 1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**

**2)തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ്**

4.11 <u>പനമരം ഗ്രാമപഞ്ചായത്ത്</u>

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2022 ലെ കത്ത് (SRG 1083/22 – CC/490/22)**

**വിഷയം:-** നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പുതിയ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് | തനതു ഫണ്ട് | ആകെ |
|---|---|---|---|---|---|
| 1 | 298/22 | മലങ്കര അങ്കണവാടി പുനർ നിർമ്മാണം | 12,33,000 | 2,67,000 | 15,00,000 |
| 2 | 299/22 | മാനാഞ്ചിറ അങ്കണവാടി പുനർ നിർമ്മാണം | 15,00,000 | – | 15,00,000 |
| 3 | 479/23 | ഏച്ചോം അങ്കണവാടി പുനർനിർമ്മാണം | 2,50,000 | 2,50,000 | 5,00,000 |
| 4 | 480/23 | കുളിവയൽ അങ്കണവാടി പുനർ നിർമ്മാണം | 2,50,000 | 2,50,000 | 5,00,000 |

മുകളിൽ പറഞ്ഞ നാലു അങ്കണവാടികൾ കാലവർഷത്തിൽ കേടുപാടുകൾ പറ്റിയതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചില്ല. അതിനാൽ ഈ അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി പുതിയത് നിർമ്മിക്കേണ്ടതുണ്ട്. പുതിയ നിർമ്മാണമായതിനാൽ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പുതിയ അങ്കണവാടി കെട്ടിടത്തിന് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു. 6.12.2019 ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം (ഖണ്ഡിക 3.13) ഇതു സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടുണ്ട്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.12 <u>വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്</u>

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.10.2022 ലെ കത്ത് (SRG 1174/22 – CC/679/22)**

**വിഷയം:-** സ്പിൽഓവർ പ്രോജക്ടുകളുടെ നിലവിലെ വിഹിതം മാറ്റി വേറെ വിഹിതം വകയിരുത്തുന്നതു സംബന്ധിച്ച്.

കഴിഞ്ഞ വർഷത്തെ താഴെ പറയുന്ന 27 പ്രോജക്ടുകൾ ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം ഈ പ്രോജക്ടുകളുടെ അടങ്കൽ തനതു ഫണ്ടായിരുന്നു. ഇപ്പോൾ റോഡ് മെയിന്റനൻസ് ഗ്രാന്റ്, വികസനഫണ്ട് ജനറൽ, നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നീ വിഹിതങ്ങൾ ഉൾപ്പെടുത്തി ഭേദഗതിയോടെയാണ് സ്പിൽഓവറായി തുടരുന്നത്. തനത് ഫണ്ടിനു പകരം മറ്റു വിഹിതം ഉൾപ്പെടുത്തിയതിനാൽ വെറ്റിംഗ് ഓഫീസർ അനുമതി നിരസിച്ചു. കൊവിഡ് പശ്ചാത്തലത്തിൽ വരുമാനം കുറഞ്ഞതിനാലാണ് തനത്ഫണ്ടിനു പകരം മറ്റു വിഹിതം ഉൾപ്പെടുത്തിയതെന്നു അറിയിച്ചുകൊണ്ട് ഇതിനു പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

## ഈ വർഷം സ്പിൽ ഓവറായി തുടരുന്ന പ്രോജക്ടുകളുടെ വിവരം

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക (രൂപ) |
|---|---|---|---|
| 1 | 75/22 | കനാൽ റോഡ് റീ ടാറിംഗ് വാർഡ് – 1 | 19,523 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 2 | 79/22 | ചൌതകുന്ന് കളഞ്ചേരി റോഡ് | 4,49,331 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 3 | 82/22 | സൂരജ് റോഡ് റീടാറിംഗ് | 3,90,500 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 4 | 114/22 | കിളിയാനികടവ് ഒന്നാം മൈൽ കനാൽ റോഡ് ടാറിംഗ് | 64,758 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 5 | 117/22 | മുച്ചിക്കുണ്ട് റോഡ് ടാറിംഗ് | 4,50,000 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 6 | 119/22 | നെടുമ്പുര സ്കൂൾ റോഡ് വാർഡ് 10 | 64,900 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 7 | 120/22 | അത്തിക്കപ്പറമ്പ് തോപ്പിൽ റോഡ് വാർഡ് –7 | 1,04,900 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 8 | 123/22 | കടവത്തൊടി മദ്രസ്സ റോഡ് കോൺക്രീറ്റിംഗ് | 45,000 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 9 | 126/22 | കരുവാൻപടി റോഡ് പൂർത്തീകരണം വാർഡ് –2 | 80,267 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 10 | 127/22 | അംഗൻ നമ്പർ 19 സബ്റോഡ് ടാറിംഗ്– 7 | 4,00,000 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 11 | 129/22 | പൊതാകുളം റോഡ് പൂർത്തീകരണം – വാർഡ് –9 | 4,10,000 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 12 | 130/22 | ബൈബിൾ കോമ്പൗണ്ട് റോഡ് റീ ടാറിംഗ് വാർഡ് 14 | 5,00,000 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 13 | 131/22 | കാരൂർ റോഡ് ടാറിംഗ് – വാർഡ്– 4 | 2,84,000 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 14 | 132/22 | ഒറവംപാടം കോൺക്രീറ്റിംഗ് വാർഡ് –6 | 80,950 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 15 | 133/22 | പറയകോളനി സബ് റോഡ് സൈഡ് പ്രൊഡക്ഷൻ – 16 | 34,156 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 16 | 134/22 | പമ്പ് ഹൗസ് സബ് റോഡ് നിർമ്മാണം വാർഡ് –5 | 79,974 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 17 | 135/22 | പണിക്കര് പടി തോട് സ്ലാബിടൽ 15 | 2,72,227 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 18 | 137/22 | പാഞ്ഞാൾ മസ്ജിദ് റോഡ് | 60,00,000 (മെയിന്റനൻസ് ഫണ്ട് – റോഡ് ) |
| 19 | 118/22 | പള്ളം പമ്പ് ഹൗസ് പുനർ നിർമ്മാണം | 1,00,000 (വികസന ഫണ്ട്) |
| 20 | 112/22 | പഞ്ചായത്ത് ഓഫീസ് നവീകരണവും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അനുബന്ധ സൗകര്യമൊരുക്കൽ | 2,17,822 (വികസന ഫണ്ട്) |
| 21 | 113/22 | ടൂറിസം കോംപ്ലക്സ് നവീകരണം | 1,00,000 (വികസന ഫണ്ട്) |
| 22 | 115/22 | പഞ്ചായത്ത് ഓഫീസ് നവീകരണം | 1,00,000 (വികസന ഫണ്ട്) |
| 23 | 121/22 | പഞ്ചായത്ത് മാർക്കറ്റ് കോമ്പൗണ്ടിൽ ടയിൽ വിരിക്കൽ | 2,32,904 (വികസന ഫണ്ട് ) |
| 24 | 122/22 | കുന്നംകുളം നവീകരണം | 50,000 (വികസന ഫണ്ട് |
| 25 | 124/22 | വെട്ടിക്കാട്ടിരി പാഞ്ഞാൾ റോഡിലെ കാനയിൽ നിന്നും മണ്ണ് നീക്കം ചെയ്യൽ | 1,00,000 (വികസന ഫണ്ട്) |
| 26 | 125/22 | ടൂറിസം കോംപ്ലക്സ് നവീകരണം | 1,88,189 (വികസന ഫണ്ട്) |
| 27 | 116/22 | യൂത്ത് വെൽഫയർ സെന്റർ നവീകരണം | 1,64,401 (മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് ഫണ്ട്) |

**തീരുമാനം:-** മുകളിൽ പറഞ്ഞ പ്രോജക്റ്റുകളിൽ 1 മുതൽ 18 വരെ പ്രോജക്റ്റ് റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ചുള്ളതാണ്. നിലവിലെ മാനദണ്ഡപ്രകാരം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്ന പ്രോജക്റ്റുകളാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതടക്കമുള്ള മറ്റു പ്രോജക്റ്റുകളുടേയും അനുമതി സംബന്ധിച്ച് പിന്നീട് പരിഗണിക്കും.

**നടപടി:- 1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**

**1)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**4.13 <u>വയനാട് ജില്ലാ പഞ്ചായത്ത്</u>**

**വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.08.2022 ലെ** DP14/1864/2022-ാം **നമ്പർ കത്തും വയനാട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 28.05.2022 ലെ 1/4 -ാം നമ്പർ തീരുമാനവും (SRG 1152/22 LSGD - DA1/342/2022 - LSGD).**

**വിഷയം:-** ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള `വായനശാലകൾക്ക് ഭൗതിക സൗകര്യം ഒരുക്കുന്നതിന് അനുമതി സംബന്ധിച്ച്.

| *പ്രോ.നം: 79/23* | *അടങ്കൽ* | *7,29,210/- രൂപ (തനതുഫണ്ട്)* |
|---|---|---|
| *പേര്* | *അക്ഷരപ്പുര* | |

കഴിഞ്ഞവർഷം (2021-22) 16.00 ലക്ഷം രൂപ അടങ്കലിൽ ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് ഭൗതിക സൗകര്യം ഒരുക്കുന്നതിന് പ്രോജക്റ്റ് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിരുന്നു. (പ്രോ.നം. 339/22 - വികസനഫണ്ട് 8,70,790 രൂപ, തനത് ഫണ്ട് 7,29,210. ആകെ 16.00 ലക്ഷം രൂപ) ഇതിൽ വികസന ഫണ്ടിനത്തിലെ 8,70,785 രൂപ കഴിഞ്ഞവർഷം ചെലവഴിച്ചു. ഇനിയും കമ്പ്യൂട്ടറും അനുബന്ധ സൗകര്യങ്ങളും കൂടി നൽകേണ്ടതുണ്ട്. പതിമൂന്നാം പദ്ധതി കാലത്ത് ഈ പ്രോജക്റ്റ് ഏറ്റെടുക്കാൻ ബ്ലോക്ക / ജില്ലാ പഞ്ചായത്തുകൾക്ക് അനുമതിയുണ്ടായിരുന്നുവെങ്കിലും പുതിയ മാർഗ്ഗരേഖ പ്രകാരം ജില്ലാ പഞ്ചായത്തിനു വിഹിതം ചെലവഴിക്കാൻ അനുമതിയില്ല. അതിനാൽ പ്രോജക്റ്റ് പൂർത്തീകരിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രോജക്റ്റ് അംഗീകാരം ലഭിച്ച കാലത്തെ മാർഗ്ഗരേഖയാണ് ബാധകം എന്ന് യോഗം വിലയിരുത്തി. അതിനാൽ ബാക്കി പ്രവൃത്തികൾ കൂടി ജില്ലാ പഞ്ചായത്തു മുഖേന നടപ്പാക്കാൻ തടസ്സമില്ല. അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**4.14 <u>പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.09.2022 ലെ കത്ത് (SRG 961/22 – CC/492/22)**

**വിഷയം:-** ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ഗ്രന്ഥശാലയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 128/23* | *അടങ്കൽ* | *5,00,000/- രൂപ (വികസന ഫണ്ട് ജനറൽ)* |
| *പേര്* | *പാമ്പാടി സഹൃദയ ഗ്രന്ഥശാലയിൽ മിനി സോളാർ പ്ലാന്റ്* | |

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള സൗത്ത് പാമ്പാടി സഹൃദയ ഗ്രന്ഥശാല 1957 മുതൽ പ്രവർത്തിച്ചു വരുന്നതാണ്. ഈ ഗ്രന്ഥശാല വക സ്ഥലത്ത് വോളിബോൾ, ഷട്ടിൽ ബാഡ്മിന്റൺ കളികൾക്കുള്ള കോർട്ടും സാംസ്കാരിക നിലയവും ഉണ്ട്. ഈ സ്റ്റേഡിയത്തിൽ ഫ്ലഡ് ലിറ്റ് സ്ഥാപിക്കാൻ ആവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് മിനി സോളാർ പ്ലാന്റ് സ്ഥാപിക്കാനുദ്ദേശിക്കുന്നു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

**4.15 <u>കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.09.2022 ലെ കത്ത് (SRG 1004/22 – CC/533/2022)**

**വിഷയം:-** സ്പോർട്സ് ക്ലബ്ബുകൾക്ക് LCD പ്രൊജക്ടർ നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 90/23* | *അടങ്കൽ* | *12,00,000/- രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *ആറ് ഗ്രാമപഞ്ചായത്തുകളിലെ രജിസ്റ്റേർഡ് സ്പോർട്സ് ക്ലബ്ബുകൾക്ക്* LCD പ്രൊജക്ടർ | |

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിലെ ആറ് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് സ്പോർട്സ് / ആർട്സ് ക്ലബ്ബുകളുടെ പ്രവർത്തനം വിലയിരുത്തി മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് **LCD** പ്രൊജക്ടർ നൽകാനാണ് പ്രോജക്ട്. ഓൺ ലൈൻ പരിശീലനം, അന്താരാഷ്ട്ര കലാകായിക മേളകൾ കാണാൻ സൗകര്യമൊരുക്കുക, വീഡിയോകൾ, സർക്കാർ പദ്ധതികൾ പൊതു ജനങ്ങളിലേക്കെത്തിക്കുക തുടങ്ങിയവയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതു നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതിന് തനതുഫണ്ടുപയോഗിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.16 <u>കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.09.2022 ലെ കത്ത് (SRG 1005/22 - CC/534/22, SRG 1065/22)**

**വിഷയം:-** സ്പോർട്സ് ക്ലബ്ബുകൾക്ക് ഫർണിച്ചർ നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 96/23* | *അടങ്കൽ* | *4,00,000/- രൂപ (വികനസഫണ്ട് ജനറൽ)* |
| *പേര്* | *ആറ് ഗ്രാമപഞ്ചായത്തുകളിലെ രജിസ്റ്റേഡ് സ്പോർട്സ് ക്ലബ്ബുകൾക്ക് ഫർണിച്ചർ* | |

കുറ്റിപ്പുറം ബ്ലോക്കു പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലെ ഫർണിച്ചർ ഇല്ലാത്ത രജിസ്റ്റേർഡ് സ്പോർട്സ് & ആർട്സ് ക്ലബ്ബുകൾക്ക് ഫർണിച്ചർ (മേശ, കസേര) വാങ്ങി നൽകാനുദ്ദേശിക്കുന്നു. മികച്ച രീതിയിൽ പ്രവൃത്തിക്കുന്ന ക്ലബ്ബുകൾക്കാണ് ഫർണിച്ചർ നൽകുന്നത്. ഇതിനു അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** തനതുഫണ്ടുപയോഗിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

4.17 <u>ഇളംദേശം ബ്ലോക്കു പഞ്ചായത്ത്</u>

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2022 ലെ കത്തുകൾ (നാലെണ്ണം) (SRG 1131/22-cc 571/22, SRG 1130/22-CC/572/22, SRG 1128/22 - CC/573/22, SRG 1127/22-CC/574/22)**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നേരിട്ടു പാൽ സബ്സിഡി നൽകുന്നതു സംബന്ധിച്ച്.

| | | | |
|---|---|---|---|
| (i) | *പ്രോ.നം: 103/23* | *അടങ്കൽ* | *40,00,000/- രൂപ (വികസനഫണ്ട് ജനറൽ)* |
| | *പേര്* | *ക്ഷീര സംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി* | |
| (ii) | *പ്രോ.നം: 111/23* | *അടങ്കൽ* | *10,43,800/- രൂപ (വികസനഫണ്ട് ജനറൽ)* |
| | *പേര്* | *വനിതാ ക്ഷീരകർഷകർക്ക് പാലിനു ധനസഹായം - വനിത* | |

| | | | |
|---|---|---|---|
| (iii) | *പ്രോ.നം: 105/23* | *അടങ്കൽ* | *8,00,000/- രൂപ (എസ്.സി.പി)* |
| | *പേര്* | *ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന പട്ടികവർഗ്ഗ വനിതാ ക്ഷീര കർഷകർക്ക് പാലിനു ധനസഹായം* | |
| (iv) | *പ്രോ.നം: 106/23* | *അടങ്കൽ* | *5,00,000/- രൂപ (റ്റി.എസ്.പി)* |
| | *പേര്* | *ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നപട്ടികവർഗ്ഗ വനിതാ ക്ഷീരകർഷകർക്ക് പാലിനു ധനസഹായം* | |

ക്ഷീര സംഘങ്ങളിൽ പാലളകുന്ന ക്ഷീരകർഷകർക്ക് നൽകുന്ന പാൽ സബ്സിഡി ബ്ലോക്കു പഞ്ചായത്തിൽ നിന്നു നേരിട്ട് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറി ത്രിതല പഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കണമെന്ന് നിർദ്ദേശിക്കുന്നു. പ്രോ.നം 111/23, 105/23, 106/23 എന്നിവ വനിതാ ഘടക പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് അറിയിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.18. <u>ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2022-ലെ കത്തും ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 05.09.2022-ലെ 1(3)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG 1239/22 - CC/745/22).**

**വിഷയം:** പട്ടികവർഗ്ഗ വനിത ക്ഷീര കർഷകർക്ക് കന്നുകുട്ടി സംരക്ഷണത്തിന് പ്രത്യേക സഹായം

| | | |
|---|---|---|
| *പ്രോ.നം: 110/23* | *അടങ്കൽ* | *2,00,000 രൂപ (റ്റി.എസ്.പി)* |
| *പേര്* | *പട്ടികവർഗ്ഗ വനിതാ ക്ഷീര കർഷകർക്ക് കന്നുകുട്ടി സംരക്ഷണം* | |

കന്നുക്കുട്ടിയുടെ ജനനം മുതൽ പരിപാലനത്തിന്റെ ഭാഗമായി 90 ദിവസത്തേയ്ക്ക് കുറഞ്ഞത് 196 ലിറ്റർ പാൽ കന്നുക്കുട്ടിക്ക് കൊടുക്കേണ്ടിവരും. ഇത് ക്ഷീര കർഷകന് നഷ്ടം വരുത്തുന്നുണ്ട്. എന്നാൽ പോഷകാഹാരം എന്ന നിലയിൽ പാൽ കന്നുക്കുട്ടിക്ക് നൽകുകയും വേണം. അതിനാൽ കർഷകർക്കുണ്ടാകുന്ന ഈ നഷ്ടം നികത്താൻ ഒരു കന്നുകുട്ടിക്ക് 7050 രൂപ ക്രമത്തിൽ ക്ഷീര കർഷകർക്ക് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. കന്നുകുട്ടി പരിപാലനത്തിന് നിലവിലെ മാർഗ്ഗരേഖ പ്രകാരമുള്ള ധനസഹായം നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.19 <u>വയലാർ ഗ്രാമപഞ്ചായത്ത്</u>**

**വയലാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.10.2022 ലെ** C1-250/2022- **ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.21, 26.07.2022 എന്നീ തീയതികളിലെ യോഗ തീരുമാനവും വയലാർ ഗ്രാമപഞ്ചായത്തിന്റെ 25.03.2022 ലെ 6/1-ാം നമ്പർ ഭരണസമിതി തീരുമാനവും വയലാർ ഗവ. ഐ.റ്റി.ഐ അദ്ധ്യാപക രക്ഷകർതൃ സമിതിയുടെ 22.10.2022 ലെ കത്തും (SRG 1108/**22**)**

**വിഷയം:-** ഗവ.ഐ.റ്റി പ്രവർത്തിക്കുന്ന കെട്ടിടത്തിനു വാടക നൽകുന്നതിന് അനുമതി സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിൽ 2010 ൽ സർക്കാർ ഒരു ഐ.റ്റി.ഐ അനുവദിച്ചിരുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ കളവംകോടം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 7/565A നമ്പർ കെട്ടിടത്തിൽ വാടകയ്ക്കാണ് ഐ.റ്റി.ഐ പ്രവർത്തനം ആരംഭിച്ചത്. **PWD** ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 23.03.2012 ൽ നിശ്ചയിച്ച പ്രകാരം ഇതിന്റെ പ്രതിമാസ വാടക 35,631 രൂപയാണ്. ഈ നിരക്കിൽ 2020-21 വർഷമൊഴികെ 2021-22 വരെ തനതുഫണ്ടുപയോഗിച്ച്

ഗ്രാമപഞ്ചായത്താണ് വാടക നൽകി വരുന്നത്. മുൻ കോഓർഡിനേഷൻ കമ്മിറ്റികളിൽ ഇതിനായി അനുമതി നൽകിയപ്പോൾ ഭാവിയിൽ ഇതിന്റെ വാടക വ്യാവസായിക പരിശീലന വകുപ്പുതന്നെ നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. അതിനാൽ വിട്ടുപോയ 2020-21 ലെ വാടക നൽകാൻ അനുമതി തേടിയപ്പോൾ 26.07.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നിരസിച്ചു. കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് 2016-ൽ 50 സെന്റ് സ്ഥലം വാങ്ങി തൊഴിൽ വകുപ്പിന് കൈമാറിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. കെട്ടിടം പണി പൂർത്തിയാകുംവരെ വാടക നൽകുന്നതിന് അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം:-** ഇനിയും ഗ്രാമപഞ്ചായത്തിൽ നിന്ന് വാടക നൽകാവുന്നതല്ല എന്ന് കോഓർഡിനേഷൻ കമ്മിറ്റി യോഗം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നതാണ് എന്ന് യോഗം നിരീക്ഷിച്ചു. അനുമതി നിരസിച്ചു. ആവശ്യം വ്യവസായിക പരിശീലന വകുപ്പിനു നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.20 <u>പാണഞ്ചേരി ഗ്രാമപഞ്ചായത്ത്</u>**

**പാണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.09.2022 ലെ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.09.2022 ലെ 7(1)-ാം നമ്പർ തീരുമാനവും_ (SRG 1109/22)**

**വിഷയം:-** പുതിയതായി ആരംഭിക്കുന്ന ITIക്കായുള്ള വാടക കെട്ടിടത്തിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നത് സംബന്ധിച്ച്.

പുതിയതായി ഒരു ITI പീച്ചിയിൽ അനുവദിച്ചുകൊണ്ട് 30.11.2021 ൽ വ്യവസായിക പരിശീലന വകുപ്പ് ഉത്തരവായിട്ടുണ്ട്. പുതിയ ITI സ്വന്തം സ്ഥലത്ത് പ്രവർത്തനം ആരംഭിക്കുന്നതുവരെ ആവശ്യമായ കെട്ടിടം, വൈദ്യുതി, വെള്ളം, ഫർണിച്ചർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സൗജന്യമായി ഗ്രാമപഞ്ചായത്ത് ലഭ്യമാക്കണമെന്ന് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി SNDP വക സ്കൂൾ കെട്ടിടം വാടകയ്ക്ക് കണ്ടെത്തിയിട്ടുണ്ട്. ഇവിടെ ടോയിലെറ്റ്, ഹാൾ, സ്റ്റോർ മുതലായ സൗകര്യമൊരുക്കണം. ഇതിനായി 11.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 11.00 ലക്ഷം രൂപ മുടക്കി വാടക കെട്ടിടത്തിൽ അടിസ്ഥാന സൗകര്യമൊരുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ITI തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനമല്ല. ഇതിനായി ഗ്രാമപഞ്ചായത്തു വിഹിതം ചെലവഴിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.21 <u>നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.09.2022 ലെ കത്ത് (SRG 1001/22 - CC/411/2022)**

**വിഷയം:-** പുതിയ ITI സ്ഥാപിക്കുന്നതിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതു സംബന്ധിച്ച്.

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് ചുങ്കത്തറയിൽ പുതിയ ITI സ്ഥാപിക്കുന്നതിന് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ വ്യവസായിക പരിശീലന വകുപ്പ് നടപടി

സ്വീകരിച്ചിട്ടുണ്ട്. ITI ക്കായി വകുപ്പ് കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കുന്നതുവരെ താല്ക്കാലികമായി പ്രവർത്തിക്കുന്നതിന് കെട്ടിടം, വൈദ്യുതി, ജലം, ഫർണിച്ചർ തുടങ്ങിയ സൗകര്യം തദ്ദേശഭരണസ്ഥാപനം നൽകണം. ഇത്തരം സൗകര്യം ഒരുക്കുന്നതിനായി നൂതന പ്രോജക്ട തയ്യാറാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ITI തദ്ദേശഭരണസ്ഥാപനത്തിനു കൈമാറിയ സ്ഥാപനമല്ല. ഇതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.22 <u>അരൂർ ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.09.2022 ലെ കത്ത് (SRG 963/22 - CC/515/22)**

**വിഷയം:- പൊതു വിഭാഗത്തിന് കുടിവെള്ള ടാങ്ക് വിതരണം.**

| | | |
|---|---|---|
| *പ്രോ.നം: 4/23* | ***അടങ്കൽ*** | *20,68,000/- രൂപ* |
| | *വികസന ഫണ്ട് ജനറൽ* | *10,33,900/- രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *10,34,000/- രൂപ* |
| | *തനത് ഫണ്ട്* | *100/- രൂപ* |
| ***പേര്*** | ***കുടിവെള്ള ടാങ്ക്*** | |

പൊതു വിഭാഗത്തിന് കുടിവെള്ള ടാങ്ക് വിതരണത്തിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.23 <u>മേലാറ്റൂർ ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.09.2022 കത്തും മേലാറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.08.2022 ലെ 2(3)-ാം നമ്പർ തീരുമാനവും (SRG 1003/22 - CC/508/2022)**

**വിഷയം:-** പൊതുവിഭാഗത്തിന് കുടിവെള്ള ടാങ്ക് നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 25/23* | ***അടങ്കൽ*** | *5,40,000/- രൂപ (സി.എഫ്.സി റ്റൈഡ് ഗ്രാന്റ്)* |
| ***പേര്*** | ***വീടുകൾക്ക് കുടിവെള്ള സംഭരണി - ജനറൽ*** | |

പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് കുടിവെള്ള ടാങ്ക് നൽകുന്നതിന് അനുമതി നൽകണമെന്നും സബ്സിഡി നിരക്ക് നിശ്ചയിച്ചു നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.24 <u>അന്നമനട ഗ്രാമപഞ്ചായത്ത്</u>

**അന്നമനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2022 ലെ കത്തും അന്നമനട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.06.2022 ലെ 25(1)–ാം നമ്പർ തീരുമാനവും (SRG 1149/22 - LSGD-DA3/141/22-LSGD).**

**വിഷയം:-** KSEBയുടെ വൈദ്യുതി കുടിശ്ശിക നൽകുന്നതു സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ചാർജ്ജ് ഗ്രാമപഞ്ചായത്ത് KSEBക്ക് അടച്ചു. എന്നാൽ 2017-18 ൽ പുതിയതായി സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ് ഇനത്തിലുള്ള 2,58,048 രൂപ ഇതിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഈ തുക കൂടി അടയ്ക്കണമെന്ന് KSEB ആവശ്യപ്പെട്ടതനുസരിച്ച് ബിൽതുക അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.25 <u>തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.09.2022 ലെ കത്തും തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.09.2022 ലെ 11(1)–ാം നമ്പർ തീരുമാനവും (SRG 1006/22 - CC 544/2022)).**

**വിഷയം:-** എം.സി.എഫിന് കെട്ടിടം നിർമ്മിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 37/23*** | ***അടങ്കൽ*** | ***22,62,557/- രൂപ*** |
| | *സി.എഫ്.സി റ്റൈഡ് ഗ്രാന്റ്* | *16,67,200 രൂപ* |
| | *കേന്ദ്രാവിഷ്കൃത വിഹിതം* | *5,95,357 രൂപ* |
| ***പേര്*** | ***എം.സി.എഫ് നിർമ്മാണം*** | |

ഗ്രാമപഞ്ചായത്തിൽ MCF നിർമ്മിക്കുന്നതിനു വേണ്ടി 2021-22 ൽ എടുത്ത പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. 2002-03 വർഷം വ്യവസായ കേന്ദ്രം തുടങ്ങുന്നതിന് 54 സെന്റ് സ്ഥലം 5,55,026 രൂപ മുടക്കി വാങ്ങിയിരുന്നു. ഇവിടെ 28,52,088 രൂപ മുടക്കി നാലു കെട്ടിടങ്ങൾ നിർമ്മിച്ച് യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് കൊപ്ര സംസ്കരണ യൂണിറ്റും ധാന്യപ്പൊടി യൂണിറ്റും ആരംഭിച്ചു. ഇപ്പോൾ ഇവ പ്രവർത്തിക്കുന്നില്ല. ഇപ്പോഴുള്ള നാലു കെട്ടിടങ്ങളിൽ 7/125/നമ്പറിലുള്ള 77.49ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം അൺഫിറ്റാണെന്ന് തദ്ദേശസ്വയംഭരണവകുപ്പ് അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കെട്ടിടം പൊളിച്ചു നീക്കി ഇവിടെ ഒരു MCF കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പൊളിച്ചുമാറ്റാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങൾ പ്രാദേശിക സാമ്പത്തിക വികസന (LED) പദ്ധതി പ്രകാരം ആരംഭിക്കാൻ കഴിയുന്ന തൊഴിൽസംരംഭങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമോ എന്ന് പരിഗണിക്കണം. ഇതു പരിശോധിച്ചു റിപ്പോർട്ട് നൽകാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1) പഞ്ചായത്ത് ഡയറക്ടർ**

**2) തദ്ദേശസ്വയംഭരണ (ആർ.ബി)വകുപ്പ്**

**4.26 <u>അമ്പൂരി ഗ്രാമപഞ്ചായത്ത്</u>**

**ബഹു. പാറശ്ശാല എം.എൽ.എയുടെ 26.09.2022 ലെ കത്ത് (SRG 1116/22).**

**വിഷയം:–** PMAY ഗുണഭോക്താവിന് ധനസഹായം നൽകുന്നതു സംബന്ധിച്ച്

അമ്പൂരി ഗ്രാമപഞ്ചായത്തിലെ ശ്രീമതി ചിഞ്ചു ബാബു, ഷൈൻ വിലാസം എന്ന ആൾ PMAY (ഗ്രാമീൺ) ലിസ്റ്റിൽ ഉണ്ട്. **ID.No. KL150950690.** ഇവർക്ക് MGNREGS ൽ തൊഴിൽ കാർഡുണ്ട്. തൊഴിൽ കാർഡിലെ നമ്പർ PMAY സോഫ്റ്റ് വെയറിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തെറ്റായി രേഖപ്പെടുത്തിയതിനാൽ PMAY കേന്ദ്ര വിഹിതം നൽകാൻ കഴിയുന്നില്ല. സാങ്കേതികമായ ഈ പ്രശ്നം പരിഹരിച്ച് PMAY കേന്ദ്ര വിഹിതമായ 1,20,000 രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:–** കാലതാമസമൊഴിവാക്കി ഈ വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി.

**നടപടി:–1)ഗ്രാമവികസന കമ്മീഷണർ**

**2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.27 <u>കാസർകോഡ് ജില്ലാ പഞ്ചായത്ത്</u>**

**കാസർകോട്ട ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 23.09.2022 ലെ കത്ത് (SRG 1103/22).**

**വിഷയം:–** വളർത്തുനായ്ക്കൾക്ക് എ.ബി.സി പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച്.

എ.ബി.സി പദ്ധതി പ്രകാരം കാസർകോട് ജില്ലയിൽ തെരുവു നായകളെ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നുണ്ട്. തെരുവു നായ്ക്കളോടൊപ്പം വളർത്തു നായ്ക്കളേയും എ.ബി.സി കേന്ദ്രത്തിൽ വച്ച് വന്ധ്യംകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഡോക്ടർമാരേയും സഹായികളേയും കരാറടിസ്ഥാനത്തിൽ നിയമിച്ച് സൗജന്യമായി എ.ബി.സി പരിപാടി നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** വളർത്തുനായകൾക്കും സൗജന്യമായി വന്ധ്യംകരണ ശസ്ത്രക്രിയ നൽകാൻ അനുമതി നൽകുന്നു. എന്നാൽ ഇതിനായി അധികമായി ഡോക്ടർമാരേയും സഹായികളേയും നിയമിക്കാവുന്നതല്ല. തെരുവ് നായ്ക്കൾക്കുള്ള എ.ബി.സി. പദ്ധതി പ്രകാരം കരാറടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന ഡോക്ടറുടേയും സഹായികളുടേയും സേവനം ഇതിനായി ഉപയോഗപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.28 <u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.10.2022 ലെ കത്തും കോട്ടയം ജില്ലാ പഞ്ചായത്തു ഭരണസമിതിയുടെ 19.09.2022 ലെ 1(8)–ാം നമ്പർ തീരുമാനവും (SRG 1185/22 – CC/727/22).**

**വിഷയം:–** മുനിസിപ്പൽ പ്രദേശത്ത് ടേക് എ ബ്രേക്ക് പ്രോജക്ട് തുടങ്ങുന്നതു സംബന്ധിച്ച്.+

| *പ്രോ.നം: 53/23* | *അടങ്കൽ* | *36,47,866/– രൂപ (സി.എഫ്.സി റ്റൈഡ് ഗ്രാന്റ്)* |
|---|---|---|
| *പേര്* | *ഭരണങ്ങാനം ഡിവിഷൻ – ടേക്ക് എ ബ്രേക്ക് പദ്ധതി* | |

പാലാ മുനിസിപ്പാലിറ്റിയുടേയും ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റേയും അതിർത്തിയായ കൊച്ചിടപ്പാടി എന്ന സ്ഥലത്ത് ടേക്ക് എ ബ്രേക്ക് എന്ന പദ്ധതിയിൽ ഒരു കോംപ്ലക്സ് നിർമ്മിക്കാനുദ്ദേശിക്കുന്നു. നിർദ്ദിഷ്ടസ്ഥലം പാലാ മുനിസിപ്പൽ പ്രദേശത്താണ്. തീർത്ഥാടന സ്ഥലത്തിനു സമീപമാണ് ഈ സ്ഥലം എന്നതു കൂടി പരിഗണിച്ച് ടേക്ക് എ ബ്രേക്ക് കോംപ്ലക്സ് നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** നിർമ്മാണത്തിലൂടെ ഉണ്ടാകുന്ന ആസ്തി നഗരസഭ പ്രദേശത്താണ്. അതിനാൽ ജില്ലാ പഞ്ചായത്തിനു വിഹിതം വകയിരുത്താവുന്നതല്ല. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.29 <u>ദി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്.</u>**

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ** (KAICO) **ചെയർമാന്റെ 07.10.2022 ലെ കത്ത് (SRG 1112/22).**

**വിഷയം:-** കുടിവെള്ള ശുദ്ധീകരണം - വിതരണം - പരിപാലനം ഇവ KAICO യെ നേരിട്ടേൽപ്പിക്കാൻ അനുമതി സംബന്ധിച്ച്.

സംസ്ഥാനത്ത് കാർഷിക മേഖലയിൽ വിവിധ കാർഷിക ഉല്പന്നങ്ങൾ KAICO വിതരണം ചെയ്യുന്നുണ്ട്. ഇതോടൊപ്പം കുടിവെള്ള ശുദ്ധീകരണം, വിതരണം, മലിനജല സംസ്കരണം എന്നിവക്കുള്ള സംവിധാനങ്ങളും KAICO ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി ഫിൽറ്റർ പ്ലാന്റുകൾ, RO പ്ലാന്റുകൾ, വാട്ടർ പ്യൂരിഫയറുകൾ തുടങ്ങിയവ സ്ഥാപിക്കാൻ KAICO യ്ക്ക് കഴിയും. KAICO യിൽ നിന്ന് ഈ ഉല്പന്നങ്ങൾ ടെണ്ടർ കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നേരിട്ടു വാങ്ങാൻ/ KAICO - യെ പ്രവൃത്തി ഏല്പിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മുകളിൽ പറഞ്ഞ ഉപകരണങ്ങളുടെ (ഫിൽട്ടർ പ്ലാന്റുകൾ, ആർ.ഒ പ്ലാന്റുകൾ, വാട്ടർ പ്യൂരിഫെയർ എന്നിവ) ഗുണനിലവാരം സംബന്ധിച്ച് ബന്ധപ്പെട്ട സർക്കാർ ഏജൻസിയുടെ സാക്ഷ്യപത്രവും ഇവ KAICO സ്വയം ഉല്പാദിപ്പിക്കുന്നതാണോ എന്നും വ്യക്തമാക്കി സാക്ഷ്യപത്രത്തോടെ നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.30 <u>പരപ്പ ബ്ലോക്ക് പഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.10.2022 ലെ കത്ത് (SRG 1164/22 - CC/686/22).**

**വിഷയം:-** പുതിയ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.

| ***പ്രോ.നം: 119/23*** | ***അടങ്കൽ*** | ***10,00,000/- രൂപ (റ്റി.എസ്.പി)*** |
|---|---|---|
| ***പേര്*** | ***പട്ടികവർഗ്ഗ വികസന ഓഫീസിന് സ്ഥലം വാങ്ങൽ*** | |

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 25.02.2021 ലെ ഉത്തരവു പ്രകാരം പരപ്പയിൽ ഒരു പട്ടികവർഗ്ഗ വികസന ഓഫീസ് അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ ഈ ഓഫീസ് പ്രവർത്തിക്കുന്നത് പരപ്പ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലാണ്. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിനായി പ്രത്യേകം കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. ഇതിനായി സ്ഥലം വാങ്ങുന്നതിന് ബ്ലോക്ക പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** പട്ടികവർഗ്ഗ വികസന ഡയറക്ടർ യോഗത്തിൽ ഇല്ലാത്തതിനാൽ പരിഗണിച്ചില്ല. പിന്നീട്ടു പരിഗണിക്കാൻ മാറ്റിവച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ്**

**4.31 <u>വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2022 ലെ കത്തുകളും (3 എണ്ണം) വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 16.09.2022 ലെ 2(3)-ാം നമ്പർ തീരുമാനവും (SRG 1092/22-CC/584/22, SRG/1093/22 - CC/582/22, SRG 1094/22 - CC 583/22).**

**വിഷയം:-** പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച്.

| | | | |
|---|---|---|---|
| (i) | *പ്രോ.നം: 151/23* | *അടങ്കൽ* | *58,80,000/- രൂപ (എസ്.സി.പി)* |
| | *പേര്* | *വിവിധ എസ്.സി കോളനികളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ* | |
| (ii) | *പ്രോ.നം: 2/23* | *അടങ്കൽ* | *11,19,000/- രൂപ (സി.എഫ്.സി -ബെയ്സിക് ഗ്രാന്റ്)* |
| | *പേര്* | *സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്* | |
| (iii) | *പ്രോ.നം: 149/23* | *അടങ്കൽ* | *10,00,000/- രൂപ (വികസനഫണ്ട് -ജനറൽ)* |
| | *പേര്* | *പാണ്ടിക്കാട് ഡിവിഷൻ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ* | |

ക്രമസമാധാന നില ഉറപ്പിക്കുന്നതിന്റെ ഭാഗമായി പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളിലും ഉൾപ്രദേശങ്ങളിലെ പൊതു സ്ഥലങ്ങളിലും സോളാർ മിനിമാസ്റ്റ് സ്ഥാപിക്കണമെന്ന് 03.09.2022 ലെ നിലമ്പൂർ താലൂക്ക് വികസന സമിതി ആവശ്യപ്പെട്ട പ്രകാരമാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. മിനിമാസ്റ്റ് സ്ഥാപിക്കേണ്ട ചുമതല ബ്ലോക്ക് പഞ്ചായത്തുകളുടേതല്ലെന്ന് പെർഫോർമൻസ് ഓഡിറ്റ് വിഭാഗം ചൂണ്ടികാണിച്ച പ്രകാരം കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറി നടപ്പാക്കാവുന്നതാണ് എന്ന് അറിയിക്കാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

4.32 <u>ആറ്റിങ്ങൽ നഗരസഭ</u>

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.10.2022 ലെ** PLG-**1040/2022-23/DPC/DPO/തിരു/ നമ്പർ കത്തും ആറ്റിങ്ങൽ നഗരസഭ സെക്രട്ടറിയുടെ 25.10.2022 ലെ** G4-12932/22-ാാം **നമ്പർ കത്തും (SRG 1196/22)**

**വിഷയം:-** പ്രൈമറി സ്കൂളിലെ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 230/23* | *അടങ്കൽ* | *2,00,000/- രൂപ*<br>*(വികസനഫണ്ട് - ജനറൽ)* |
| *പേര്* | ***എൽ.കെ.ജി മുതൽ ഏഴാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് വ്യായാമത്തിലൂടെ മാനസികോല്ലാസം*** | |

പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യായാമത്തിലൂടെ മാനസികോല്ലാസം നൽകുന്നതിനു നഗരസഭ പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നു. കായികാധ്യാപ കരില്ലാത്ത സ്കൂളുകളിൽ നാലാം ക്ലാസ്സുമുതലുള്ള വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിന് നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരെ 15,000 രൂപ പ്രതിമാസ വേതനം നൽകികൊണ്ട് 10 മാസത്തേക്ക് നിയമിക്കാവുന്നതാണെന്ന് ആസൂത്രണ മാർഗ്ഗരേഖയിൽ പറയുന്നുണ്ട്.

നാലാം ക്ലാസ്സ് സ്റ്റാന്റേർഡിനു താഴെയുള്ള വിദ്യാർത്ഥികൾക്കായി പരിശീലകരെ നിശ്ചയിച്ച് അനുവദനീയമായ ഓണറേറിയം എത്രയാണെന്ന് വ്യക്തമാക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** നാലാം ക്ലാസ്സിനുതാഴെയുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനുള്ള അദ്ധ്യാപകരുടെ യോഗ്യത എന്തായിരിക്കണമെന്ന് വിദ്യാഭ്യാസ വകുപ്പിന്റെ കൂടി അഭിപ്രായമാരാഞ്ഞ് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട്ട പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.33 <u>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്</u>

**തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.10.2022 ലെ** Dptvpm president/100/22) **(SRG 1157/22)**

**വിഷയം:-** പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

കഴിഞ്ഞവർഷം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിനായി 1.6775 കോടി രൂപ ചെലവഴിച്ചു. ഇത് ജില്ലാ പഞ്ചായത്ത് നേരിട്ടാണ് നടപ്പാക്കിയത്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖപ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കുമാണ് ഇതിനുള്ള പ്രോജക്ട് ഏറ്റെടുക്കാവുന്നത്. കഴിഞ്ഞ വർഷം അപേക്ഷ നൽകിയ 69 വിദ്യാർത്ഥികൾക്കുകൂടി സ്കോളർഷിപ്പ് നൽകാനുണ്ട്. ഈ വർഷവും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** **1)** ജില്ലാ പഞ്ചായത്തു വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറി പ്രോജക്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

2) എന്നാൽ കഴിഞ്ഞവർഷം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയപ്പോൾ അപേക്ഷ നൽകിയ 69 വിദ്യാർത്ഥികൾക്ക് ധനസഹായം ജില്ലാ പഞ്ചായത്ത് നൽകിയിരുന്നില്ല എന്ന് അറിയിച്ച പ്രകാരം അവർക്ക് കഴിഞ്ഞവർഷം ലഭിക്കേണ്ട കുടിശ്ശിക ജില്ലാ പഞ്ചായത്തിൽ നിന്നു നേരിട്ടു നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.34 <u>നെടുമങ്ങാട് നഗരസഭ</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.09.2022 ലെ കത്തുകളും (2 എണ്ണം) അനുബന്ധ രേഖകളും (SRG 957/22 - CC /522/2022))**

**വിഷയം:-** സ്ലോട്ടർ ഹൗസിന്റെ DPR തയ്യാറാക്കിയ വകയിലെ കൺസൾട്ടൻസി ഫീ നൽകാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 251/23* | *അടങ്കൽ* | *25,00,000/- രൂപ<br>(വികസന ഫണ്ട് - 10,00,000 രൂപ<br>തനത് ഫണ്ട് - 15,00,000/- രൂപ)* |
| *പേര്* | *സ്ലോട്ടർ ഹൗസ് പൂർത്തീകരണം* | |

നെടുമങ്ങാട് നഗരസഭയിൽ സ്ലോട്ടർ ഹൗസ് നിർമ്മിക്കുന്നതിന് **KIFB** സഹായം പ്രതീക്ഷിച്ച് DPR തയ്യാറാക്കി നൽകി. സെന്റർ ഫോർ ഫാമിംഗ് ആന്റ് ഫുഡ് പ്രോസസ്സിംഗ് എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് പാർട്ണർ Dr.V.V മോഹനൻ ആണ് DPR തയ്യാറാക്കിയത്. DPR പ്രകാരം ഇതിന്റെ എസ്റ്റിമേറ്റ് തുക 2,38,90,000 രൂപ. ഇതിന്റെ കൺസൾട്ടൻസി ഫീ എസ്റ്റിമേറ്റിന്റെ 0.75 ശതമാനം തുകയായ 1,79,175 രൂപ. എന്നാൽ കിഫ്ബിയിൽ നിന്ന് ധനസഹായം ലഭിക്കാതെ വന്നതിനാൽ നഗരസഭ നേരിട്ട് സ്ലോട്ടർ ഹൗസിന്റെ നിർമ്മാണം ഏറ്റെടുത്തു. അതിനായി മുകളിൽ പറഞ്ഞ ഏജൻസിയെ കൊണ്ട് പുതിയ DPR തയ്യാറാക്കി. ഇതു പ്രകാരം എസ്റ്റിമേറ്റ് തുക 1,93,64,980 രൂപ. ഇതിന്റെ കൺസൾട്ടൻസി ഫീ എസ്റ്റിമേറ്റിന്റെ 0.75 ശതമാനമായ 1,45,237 രൂപ. DPR ശുചിത്വമിഷൻ അംഗീകരിച്ചു. അറവുശാലയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. മുൻ വർഷങ്ങളിൽ ഇതിനായി തുക ചെലവഴിച്ചിരിക്കുന്നത് വികസനഫണ്ടും തനതുഫണ്ടുമാണ്. ശുചിത്വമിഷന്റേതടക്കം മറ്റു വിഹിതമൊന്നുമില്ല. ഒരേ പ്രവൃത്തിക്കാണെങ്കിലും രണ്ടു DPR തയ്യാറാക്കിയത് നഗരസഭ ആവശ്യപ്പെട്ട പ്രകാരമാണെന്നും അതിനാൽ രണ്ട് DPRനും കൺസൾട്ടൻസി ഫീ നൽകണമെന്നും കൺസൾട്ടൻസി സ്ഥാപനം അറിയിച്ചിരിക്കുന്നു. മുകളിൽ പറഞ്ഞ തുകയുടെ 18ശതമാനം GST യും നൽകണം. ഇതോടൊപ്പം കൺസൾട്ടൻസിക്ക് യാത്രാ ബത്തയായി 72,492 രൂപയും (21 ദിവസത്തേക്ക് പ്രതിദിനം 3452 രൂപ നിരക്കിൽ) നൽകണം. ഇതിനകം ആകെ 1,50,000 രൂപ നൽകി. മുകളിൽ പറഞ്ഞ നിരക്കിൽ ബാക്കി തുക നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 1) ആദ്യം തയ്യാറാക്കിയ DPR ന് കൺസൾട്ടൻസി ഫീ നൽകണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതപ്പെടുത്തി. ഒരേ പ്രവൃത്തിക്ക് ഒരേ ഏജൻസി തന്നെ രണ്ടു DPR തയ്യാറാക്കിയതിന്റെ സാഹചര്യവും ചീഫ് എഞ്ചിനീയർ

പരിശോധിക്കണം. ഒപ്പം സ്ലോട്ടർ ഹൗസിന്റെ നിർമ്മാണം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ ഡയറക്ടറേയും ചുമതലപ്പെടുത്തി.

2) കൺസൾട്ടൻസിയുമായുള്ള എഗ്രിമെന്റിൽ റ്റി.എ നൽകുന്നത് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലെ റ്റി.എ നൽകാവൂ എന്നു നിർദ്ദേശിക്കുന്നു. എന്നാൽ കൺസൾട്ടൻസി ഫീയോടൊപ്പം റ്റി.എ കൂടി എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ ഇതു കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകണം.

**നടപടി: 1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ**
**3)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.35 <u>നെടുമങ്ങാട് നഗരസഭ</u>

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.09.2022 ലെ കത്തുകളും (2 എണ്ണം) നെടുമങ്ങാട് നഗരസഭാ ചെയർപേഴ്സന്റെ 22.07.2022 ലെ കത്തും (SRG 958/22 – CC/436/22)**

**വിഷയം:-** കുടിവെള്ള പ്രശ്നമുള്ള മേഖലയിൽ എല്ലാ കാലത്തും കുടിവെള്ള വിതരണം നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

വരൾച്ച കാലമായ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ പ്രത്യേകാനുമതി നൽകാറുണ്ട്. എന്നാൽ നഗരസഭയുടെ ചില ഉയർന്ന പ്രദേശങ്ങളിൽ മറ്റു സമയങ്ങളിലും കുടിവെള്ള ക്ഷാമം ഉണ്ടാകും. ഉയർന്ന പ്രദേശങ്ങളിൽ **KWA** യുടെ ജലവിതരണമോ, കിണറുകളോ, കുഴൽകിണറുകളോ പ്രായോഗികമല്ല. അതിനാൽ കാലപരിധി ഇല്ലാതെ കുടിവെള്ള ക്ഷാമം ഉണ്ടാകുന്ന ഉയർന്ന പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങൾക്കു പുറമെ കുടിവെള്ളക്ഷാമം വരുന്ന മറ്റു സമയങ്ങളിലും കുടിവെള്ളം വിതരണം നടത്തേണ്ട സവിശേഷ സാഹചര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

2) എപ്പോഴും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള സ്ഥിരമായ പദ്ധതി തുടങ്ങുന്നതിന് നഗരസഭ നടപടി സ്വീകരിക്കണം.

**നടപടി:- 1))നഗരകാര്യ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.36 <u>അഗളി ഗ്രാമപഞ്ചായത്ത്</u>**

**അഗളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.10.2022 ലെ കത്ത് (SRG 1115/22)**

**വിഷയം:-** ഗോത്രസാരഥി പദ്ധതി - പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതം ലഭ്യമാക്കണമെന്നതു സംബന്ധിച്ച്.

അഗളി ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ 890 വിദ്യാർത്ഥികൾക്ക് ഗോത്രസാരഥി പദ്ധതിയിൽ ഉൾപ്പെടുത്തി യാത്രാ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് റ്റി.എസ്.പി വിഹിതമായി ലഭിക്കുന്നത് 3.00 കോടി രൂപയാണ്. എൽ.പി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കു മാത്രം യാത്രാ സൗകര്യം ഒരുക്കുന്നതിന് ഏകദേശം 2.00 കോടി രൂപ ഒരു വർഷം വേണം. **U.P, High School** വിദ്യാർത്ഥികൾക്കു കൂടിയാണെങ്കിൽ ഏകദേശം 5.00 കോടി രൂപ ഒരു വർഷം വേണം. ഇതു മറ്റു വികസന ക്ഷേമ പരിപാടികളെ ബാധിക്കും. അതിനാൽ മുൻകാലങ്ങളിലെ പോലെ ഗോത്രസാരഥി പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടു നടപ്പാക്കുകയോ അല്ലായെങ്കിൽ വകുപ്പിൽ നിന്ന് വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറുകയോ ചെയ്യണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 22.11.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം (ക്രമനമ്പർ 2.1 ഖണ്ഡിക 4.4) പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് 12.45 കോടി രൂപ ഗോത്രസാരഥി പദ്ധതിയ്ക്കായി നൽകാമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അഗളി ഗ്രാമപഞ്ചായത്തിന് കൂടുതൽ വിഹിതം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് നൽകണമെന്ന് നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നൽകണം.

**നടപടി:- 1) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**
**2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.37 <u>മങ്കര ഗ്രാമപഞ്ചായത്ത്</u>**

**മങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.02.2022 ലെ കത്തും സെക്രട്ടറിയുടെ 18.02.2022 ലെ** A2-398/19-ാം **നമ്പർ കത്തും മങ്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.01.22 ലെ 6(2)-ാം നമ്പർ തീരുമാനവും (SRG 1151/22 - LSGD-RC2/305/22-LSGD)**

**വിഷയം:-** വസ്തു നികുതി പുനർ നിർണ്ണയിക്കാൻ അനുമതി സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിൽ ആകെ 14 വാർഡുകൾ മാത്രമാണുള്ളത്. തനതു വരുമാനം വളരെ കുറവാണ്. 2013-നു ശേഷം സംസ്ഥാനതലത്തിൽ വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടില്ല എന്നറിയിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനാവശ്യമായ സാങ്കേതിക സഹായം ഐ.കെ.എം.ൽ നിന്നും ലഭിക്കാൻ നടപടിയുണ്ടാകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവു വരുന്നതനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

### 4.38 ദേവികുളം ഗ്രാമപഞ്ചായത്ത്

**ദേവികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.09.2022 ലെ PT-10/2022-ാം നമ്പർ കത്തും ദേവികുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.09.2022 ലെ 1 (7)-ാം നമ്പർ തീരുമാനവും (SRG 1063/22)**

**വിഷയം:-** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ പൊതുവിഭാഗത്തിലുള്ളവർക്കും നൽകണമെന്നതു സംബന്ധിച്ച്.

ദേവികുളം ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിൽ 17 വാർഡും തോട്ടം മേഖലയിലാണ്. ഇവിടെ താമസിക്കുന്നവരിൽ 90 ശതമാനവും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവരാണ്. ബാക്കിയുള്ള 10 ശതമാനം ആൾക്കാർ മാത്രമാണ് പൊതുവിഭാഗത്തിൽ പ്പെടുന്നവർ. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്കു നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ (ലാപ് ടോപ്, പെൺമക്കളുടെ വിവാഹത്തിനു നൽകുന്ന ധനസഹായം, വിദ്യാർത്ഥികൾക്ക് മേശയും കസേരയും, വാട്ടർ ടാങ്ക്) തോട്ടം മേഖലയിൽ താമസിക്കുന്ന ജനറൽ വിഭാഗത്തിനും നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ദേവികുളം ഗ്രാമപഞ്ചായത്തിൽ എസ്റ്റേറ്റ് ലയങ്ങളിൽ താമസിക്കുന്ന പൊതു വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് മാത്രം നൽകുന്നതിന് അനുമതി നൽകുന്നു. മാർഗ്ഗരേഖ പ്രകാരമുള്ള മറ്റു മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.39 ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.2022 ലെ കത്തും** (SRG 972/22 – CC/542/22)

**വിഷയം:-** ബ്ലോക്ക് പഞ്ചായത്ത് ബഡ്സ് സ്കൂൾ ആരംഭിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 110/23*** | ***അടങ്കൽ*** | ***50,00,000/- രൂപ***<br>*(വികസന ഫണ്ട് ജനറൽ - 35,00,000 രൂപ*<br>*ജില്ലാ പഞ്ചായത്ത് വിഹിതം - 15,00,000 രൂപ)* |
| ***പേര്*** | ***ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നത് സംബന്ധിച്ച്.*** | |

ചമ്പക്കുളം ബ്ലോക്കു പഞ്ചായത്ത് പരിധിയിൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നില്ല. ബ്ലോക്കു പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തകഴി ഗ്രാമപഞ്ചായത്തിലുള്ള സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്തിന്റെ കൂടി വിഹിതം ഉൾപ്പെടുത്തി ബഡ്സ് സ്കൂൾ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഭാവിയിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഓരോ ഗ്രാമപഞ്ചായത്തിൽ നിന്നും 5.00 ലക്ഷം രൂപ വീതവും ബ്ലോക്ക് പഞ്ചായത്ത് 10 ലക്ഷം രൂപയും വകയിരുത്തി ബഡ്സ് സ്കൂളിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകാനാണ് ഉദ്ദേശിക്കുന്നത്.

മാർഗ്ഗരേഖ പ്രകാരം ബഡ്സ് സ്കൂൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് സ്ഥാപിക്കാവുന്നത്. അതിനാൽ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കാവുന്നതാണ്.

**നടപടി:- 1)എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**
**2)തദ്ദേശസ്വയംഭരണ (ഐ.എ)വകുപ്പ്**

**4.40 കക്കോടി ഗ്രാമപഞ്ചായത്ത്**

**കക്കോടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.09.2022 ലെ കത്ത് (SRG 1066/22)**

**വിഷയം:-** ഗവ. എൽ.പി.എസിന്റെ കുടിവെള്ള ചാർജ്ജ് അടയ്ക്കുന്നതു സംബന്ധിച്ച്

കൊവിഡ് മഹാമാരിമൂലമുണ്ടായ ലോക് ഡൗൺ കാലത്ത് കക്കോടി ഗവ. എൽ.പി സ്കൂളിന്റെ KWA കുടിവെള്ള ചാർജ്ജിന്റെ കുടിശ്ശികയായി 1,66,314 രൂപ ഉണ്ട്. ലോക് ഡൗൺ കാലമായതിനാൽ KWA ക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇത് 65,514 രൂപയായി കുറവു ചെയ്തിട്ടുണ്ട്. ഈ തുക അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**4.41 നെടുങ്കുന്നം ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2022 ലെ കത്ത് (SRG 974/22)**

**വിഷയം:-** 2017-18 ലെ പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 115/2018* | *അടങ്കൽ* | *24,00,000/- രൂപ (എസ്.സി.പി 23,77,778 രൂപ തനത് ഫണ്ട് - 22,222 രൂപ)* |
| *പേര്* | *എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി* | |

പഠനമുറി നിർമ്മാണത്തിന് 2017-18 ൽ ഗ്രാമപഞ്ചായത്ത് 7-ാം വാർഡിലെ ശ്രീ.സുമേഷ് കുമാർ തോണിപ്പാറ എന്ന ആൾക്ക് 50,000 രൂപ അഡ്വാൻസ് നൽകി. 50,000 രൂപ വിനിയോഗിച്ച് സാധാന സാമഗ്രികൾ വാങ്ങി നിർമ്മാണം ആരംഭിച്ചു. പണി പൂർത്തിയാക്കാത്തതിനാൽ അഡ്വാൻസ് തുക തിരികെ അടയ്ക്കണമെന്ന് ഗ്രാമപഞ്ചായത്തിൽ നിന്ന് ആവശ്യപ്പെട്ടു. തുക തിരിച്ചടച്ചില്ല. തുടർന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ ഗുണഭോക്താവുമായി സംസാരിച്ചു. കൊവിഡ് മഹാമാരിയെ തുടർന്നുള്ള ലോക് ഡൗൺ മൂലവും രോഗബാധയാലും സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നും തുക തിരികെ അടയ്ക്കാൻ മാർഗ്ഗമില്ലെന്നും ഗുണഭോക്താവ് അറിയിച്ചു. ബാക്കി തുക അനുവദിക്കുകയാണെങ്കിൽ പഠനമുറി നിർമ്മാണം പൂർത്തിയാക്കാമെന്നും അറിയിച്ചിട്ടുണ്ട്. ഇതു പരിഗണിച്ച് 2022-23 വർഷം 1,50,000 രൂപയുടെ പ്രോജക്ട് തയ്യാറാക്കി ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതുവരെ നടത്തിയ പ്രവൃത്തിയുടെ വാല്യുവേഷൻ എടുത്തതിനു ശേഷം ബാക്കി തുക നൽകുന്നതിന് അനുമതി നൽകുന്നു. എന്നാൽ ആദ്യഗഡുവായി നൽകിയ 50,000 രൂപയുടെ നിർമ്മാണ പ്രവർത്തികൾ ഗുണഭോക്താവ് നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. 2017-18 ൽ പഠനമുറിക്ക് നിലനിന്നിരുന്ന നിരക്ക് (15.2.2016 ലെ 626/2016/തസ്വഭവ ഉത്തരവു പ്രകാരം) 1.00 ലക്ഷം രൂപയാണ്. ഈ നിരക്കനുസരിച്ചാണ് ബാക്കി തുക നൽകേണ്ടത്. ബാക്കി തുക നൽകുമ്പോൾ ഇനിയും നിർമ്മാണം മുടങ്ങാതിരിക്കാനും സമയബന്ധിതമായി പഠനമുറി പൂർത്തിയാക്കാനും ഗ്രാമപഞ്ചായത്ത് മെമ്പറെ കൂടി ഉൾപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകമായി ഇടപെടണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**4.42 <u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 16.08.2022 ലെ** DPM/MPM/P6-44/22-ാം **നമ്പർ കത്ത് (SRG 886/22)**

**വിഷയം:-** ഭക്ഷ്യസുരക്ഷാ പരിശോധന ലബോറട്ടറി സ്ഥാപിക്കുന്നത് സംബന്ധിച്ച്

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നു വിഹിതം ശേഖരിച്ച് ഒരു ഭക്ഷ്യസുരക്ഷാ പരിശോധന ലാബോറട്ടറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. 94 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 2.50 ലക്ഷം രൂപ വീതവും 15 ബ്ലോക്കു പഞ്ചായത്തുകളിൽ നിന്ന് 3.00 ലക്ഷം രൂപ വീതവും 12 മുനിസിപ്പാലിറ്റികളിൽ നിന്ന് 10.00 ലക്ഷം രൂപ വീതവും ജില്ലാ പഞ്ചായത്ത് 1.00 കോടി രൂപയും ഉൾപ്പെടുത്തി ആകെ 5.00 കോടി രൂപയുടെ പ്രോജക്ടാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലയല്ല. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

**4.43 <u>പൊയ്യ ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2022 ലെ കത്ത് (SRG 976/22 - CC/525/22)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് സൈക്കിൾ നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 158/23* | *അടങ്കൽ* | *3,00,000/- രൂപ (എസ്.സി.പി)* |
| *പേര്* | *8,9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ* | |

ഹൈസ്കൂളിൽ 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

**4.44 <u>പുഴയ്ക്കാട്ടിരി ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.09.2022 ലെ കത്ത് (SRG 1002/22 - CC/429/22)**

**വിഷയം:-** കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് നടപ്പാക്കുന്ന ഗൃഹശ്രീ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിൽ നിന്നു വിഹിതം നൽകുന്നതു സംബന്ധിച്ച്.

ലൈഫ് ഭവനപദ്ധതിയിൽ അപേക്ഷ നൽകാൻ കഴിയാത്തതും എന്നാൽ ഭവന നിർമ്മാണത്തിന് ധനസഹായത്തിന് അർഹതയുള്ളവരുമായ ഗുണഭോക്താക്കൾക്ക് കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് ഗൃഹശ്രീ എന്ന ഭവന പദ്ധതി നടപ്പാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡ് 2.00 ലക്ഷം രൂപ നൽകും. ഇതിനു പുറമെ ഗുണഭോക്തൃവിഹിതമായി 1.00 ലക്ഷം രൂപയും സ്പോൺസർഷിപ്പിലൂടെ 1.00 ലക്ഷം രൂപയും നിശ്ചിത അക്കൗണ്ടിൽ അടയ്ക്കണം. ഇങ്ങനെയുള്ള ഗുണഭോക്താക്കൾക്ക് സ്പോൺസർമാർ മുഖേന കണ്ടെത്തേണ്ട വിഹിതമായ 1.00 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഈ പദ്ധതി സംബന്ധിച്ച് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് അധികൃതരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും. പുഴയ്ക്കാട്ടിരി ഗ്രാമപഞ്ചായത്തിലും സംസ്ഥാനത്താകെയും എത്രപേർക്കാണ് KSHB ഇപ്രകാരം വീടിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നത് എന്നതടക്കമുള്ള വിശദാംശങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം.

**നടപടി:- 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

**4.45 <u>കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2022 ലെ കത്ത് (SRG 1088/22 - CC/578/22)**

**വിഷയം:-** വിദ്യാർത്ഥികളുടെ പഠനേതര കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടി സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 100/23*** | ***അടങ്കൽ*** | ***50,400/- രൂപ*** *(വികസന ഫണ്ട് - സി.എഫ്.സി ബെയ്സിക് ഗ്രാന്റ്)* |
| ***പേര്*** | ***മീഡിയ ക്ലബ്ബ്*** | |

പ്രൈമറിതലം മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികളെ ദൈനംദിന വാർത്തകളിൽ ബോധവന്മാരാക്കുക, ഫോട്ടോ ഗ്രാഫി, ചിത്രീകരണം, സംഗീതം, നൃത്തം എന്നീ കഴിവുകൾ

വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പരിശീലനം, എക്സിബിഷൻ, ഫീൽഡ് ട്രിപ്പുകൾ, മത്സരങ്ങൾ എന്നിവയ്ക്കു വേണ്ടിയാണ് പ്രോജക്ട്. ഇതു നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** എങ്ങനെയാണ് പ്രോജക്ട് നടപ്പാക്കുന്നത് എന്നതടക്കമുള്ള വിശദാംശം പ്രോജക്ടിൽ ഇല്ല. പ്രോജക്ടിൽ വിശദാംശം ഉൾപ്പെടുത്തി നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

**4.46 തിരൂർ ബ്ലോക്ക് പഞ്ചായത്ത്**

**ഗ്രാമ വികസനകമ്മീഷണറുടെ 29.09.2022 ലെ 2543/DP4/22/CRD നമ്പർ കത്തും ബ്ലോക്ക പഞ്ചായത്ത് സെക്രട്ടറിയുടെ 15.07.2022 ലെ (C/1069/22-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG 1057/22)**

**വിഷയം:-** വെട്ടം ഗ്രാമപഞ്ചായത്തിലെ വെട്ടത്തുകാവ് റോഡ് സഞ്ചാര യോഗ്യമാകുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 92/23* | *അടങ്കൽ* | *10,00,000/ രൂപ* |
|---|---|---|
| | *വികസനഫണ്ട് ജനറൽ* | *5,00,000 രൂപ* |
| | *തനത്ഫണ്ട് ജനറൽ* | *5,00,000 രൂപ* |
| *പേര്* | *വെട്ടത്തുകാവ് റോഡ് നിർമ്മാണം* | |

വെട്ടം ഗ്രാമപഞ്ചായത്തിലെ വെട്ടത്തുകാവ് റോഡ് സഞ്ചാരയോഗ്യമാക്കിയാൽ അഞ്ഞൂറോളം കുടുംബങ്ങൾക്ക് പ്രയോജന പ്രദമാകും. ഈ റോഡ് കോഴിക്കോട് സാമൂതിരിയുടെ ഉടമസ്ഥതയിലുള്ളതാണ്. എന്നാൽ ഇതു ഗതാഗതയോഗ്യമല്ല. ഇത് വെട്ടം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഈ റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് തിരൂർ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. വെട്ടത്തുകാവ് ദേവസ്വത്തിന് (സാമൂതിരി രാജാവിന്റെയാണ് ക്ഷേത്രം) സാമ്പത്തിക ചെലവ് വരാതെ റോഡ് ടാറിംഗ് / കോൺക്രീറ്റിംഗ് നടത്താനായി കോഴിക്കോട് സാമൂതിരി രാജ സമ്മതപത്രം നൽകിയിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** എല്ലാ വിഭാഗത്തിലുമുള്ള പൊതു ജനങ്ങൾക്ക് എല്ലാകാലവും റോഡ് ഉപയോഗത്തിനു തുറന്നു കൊടുക്കാമെന്ന സമ്മതപത്രം രാജകുടുംബം നൽകണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**4.47 തൂണേരി ബ്ലോക്ക് പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.09.2022 ലെ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.08.2022 ലെ 2 (3)-ാം നമ്പർ തീരുമാനവും (SRG 1032/22 - CC512/22)**

**വിഷയം:-** മോയിൻ കുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി ഉപകേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങൽ

| *പ്രോ.നം: 2/23* | *അടങ്കൽ* | *2,00,000/ രൂപ (സി.എഫ്.സി ബെയ്സിക് ഗ്രാന്റ്)* |
|---|---|---|
| *പേര്* | *മാപ്പിള കലാ അക്കാദമി ഫർണിച്ചർ വാങ്ങൽ* | |

തൂണേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നാദാപുരം ഗ്രാമപഞ്ചായത്തിൽ മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി ഉപകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെ കീഴിലാണ്. മാപ്പിള കലകളുടെ പ്രോത്സാഹനത്തിനും സംരക്ഷണത്തിനും വേണ്ടിയാണ് സ്ഥാപനം ആരംഭിച്ചത്. ഇവിടെ ഫർണിച്ചറിന്റെ കുറവുണ്ട്. അതിനാൽ ഇവിടേക്ക് ഫർണിച്ചർ വാങ്ങി നൽകാനുള്ള പ്രോജക്ടിനു അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

### 4.48 <u>മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്</u>

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 7.10.2022 ലെ കത്തും മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.09.2022 ലെ** A1-11/22-ാം **നമ്പർ കത്തും (SRG 1119/22 - CC/629/22)**

**വിഷയം:-** ഓൺലൈൻ എക്സാമിനേഷൻ സെന്റർ അടിസ്ഥാന സൗകര്യം വികസനം - തുക PWDക്ക് ഡിപ്പോസിറ്റ് ചെയ്യുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 308/23* | *അടങ്കൽ* | *80,00,000/ രൂപ* |
|---|---|---|
| | തനത് ഫണ്ട് | 50,00,000 രൂപ |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 10,00,000 രൂപ |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 20,00,000 രൂപ |
| *പേര്* | *ഓൺലൈൻ എക്സാമിനേഷൻ സെന്റർ അടിസ്ഥാന സൗകര്യം* | |

റർബൻ മിഷൻ പദ്ധതിയിൽ 2019-20 വർഷം 1.40 കോടി രൂപ ചെലവഴിച്ച് ഓൺലൈൻ എക്സാമിനേഷൻ സെന്ററിനായി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിൽ ലോക്കൽ ഏരിയ നെറ്റ് വർക്ക് (LAN) നു വേണ്ടി 21.00 ലക്ഷം രൂപ പൊതു മരാമത്തിന് (ഇലക്ട്രോണിക്സ് വിഭാഗം) 18.07.2022 ന് ഡിപ്പോസിറ്റ് ചെയ്തു. ഇനിയും ക്യൂബിക്സ് തിരിക്കൽ, സീലിംഗ്, ഫയർ & സേഫ്റ്റി പ്രവൃത്തികൾ, ഇലക്ട്രിക്കൽ വർക്സ്, സി.സി.റ്റിവി, UPS സൗകര്യം എന്നിവ ഒരുക്കണം. ഇതിനായി 1.25 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഒക്ടോബർ അവസാനം കെട്ടിടം പി.എസ്.സിക്ക് കൈമാറേണ്ടതായിരുന്നു. മുകളിൽ പറഞ്ഞ പ്രവൃത്തികളിൽ സിവിൽ വർക്കുകൾക്കുള്ള തുക (ക്യുബിക്സ് തിരിക്കൽ, സീലിംഗ്, ഫയർ ആന്റ് സേഫ്റ്റി) PWD ബിൽഡിംഗ് ഡിവിഷനും ഇലക്ട്രിക്കൽ പ്രവൃത്തികളുടെ തുക PWD ഇലക്ട്രിക്കൽ വിഭാഗത്തിനും CCTV, UPS എന്നിവയുടെ തുക PWD ഇലക്ട്രോണിക്സ് വിഭാഗത്തിനും ഡിപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗമുള്ളതിനാൽ തുക PWD ഡെപ്പോസിറ്റ് ചെയ്യാവുന്നതല്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന പ്രോജക്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു. **PWD** ക്ക് തുക ഡിപ്പോസിറ്റ് ചെയ്യാവുന്നതല്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

### 4.49 വൈക്കം ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2022 ലെ കത്ത് (SRG 1089/22 - CC/589/22)**

**വിഷയം:-** പട്ടികവർഗ്ഗ, ജനറൽ വിഭാഗത്തിലെ യുവതികൾക്ക് പി.എസ്.സി പരിശീലനം

| | | |
|---|---|---|
| *പ്രോ.നം: 87/23* | *അടങ്കൽ* | *5,00,000/ രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *ലക്ഷ്യ പ്ലസ് - പി.എസ്.സി പരിശീലനം - ജനറൽ, പട്ടികവർഗ്ഗ യുവതികൾക്ക്* | |

വൈക്കം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിലെ 18 നും 38 നും ഇടയ്ക്ക് പ്രായമുള്ളതും പത്താംക്ലാസ്സ്/തത്തുല്യം വിജയിച്ചതുമായ പട്ടികവർഗ്ഗ/ ജനറൽ വിഭാഗത്തിലെ യുവതികൾക്ക് (50 പേർക്ക്) പി.എസ്.സി പരീക്ഷയ്ക്കു വേണ്ടി പരിശീലനം നൽകുന്നതിനാണ് പ്രോജക്ട്. ഗ്രാമസഭാ ലിസ്റ്റിൽ നിന്നും മുൻഗണന, അഭിരുചി എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവയിലൂടെയാണ് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. മൂന്നു മാസം കൊണ്ട് ആകെ 300 മണിക്കൂർ പരിശീലനം നൽകും. പരിശീലനത്തിനായി അദ്ധ്യാപകർക്കു നൽകുന്നതിന് 1.50 ലക്ഷം രൂപയും ഭക്ഷണ ചെലവിന് 3.00 ലക്ഷം രൂപയും പഠനസാമഗ്രികൾക്ക് 50,000 രൂപയും ചെലവാകും. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പൊതുവിഭാഗത്തിന് പി.എസ്.സി പരിശീലനം നൽകേണ്ടതില്ല. പട്ടികവർഗ്ഗ വിഭാഗത്തിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് പരിശീലനം നൽകുന്നുണ്ട്. അതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായം തേടേണ്ടതാണ്. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

### 4.50 വൈക്കം ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2022 ലെ കത്ത് (SRG 1087/22 - CC/590/22)**

**വിഷയം:-** മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 84/23* | *അടങ്കൽ* | *2,50,000/ രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ്* | |

വൈക്കം ബ്ലോക്കു പഞ്ചായത്ത് പ്രദേശത്ത് ധാരാളം മത്സ്യത്തൊഴിലാളികൾ ഉണ്ട്. ബ്ലോക്ക് പരിധിയിലെ ആറു ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭ തെരഞ്ഞെടുക്കുന്ന 125

ഗുണഭോക്താക്കൾക്ക് 2000 രൂപ വില വരുന്ന ലൈഫ് ജാക്കറ്റ് നൽകുന്നതിനാണ് പ്രോജക്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 50 ശതമാനം സബ്സിഡിയോടെ നൽകുവാൻ അനുമതി നൽകുന്നു. ഫിഷറീസ് വകുപ്പിന്റെ യൂണിറ്റ് നിരക്ക് പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.51 <u>കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്</u>**

**കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (SRG 1229/22)**

**വിഷയം:-** ശുചിത്വ മേഖലയിലെ വിവിധ പദ്ധതികൾക്ക് ലഭിച്ച ചെലവഴിക്കാതെ കിടക്കുന്ന തുക ശുചിത്വ മേഖലയിൽ തന്നെ ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

മുൻവർഷങ്ങളിൽ ശുചിത്വമേഖലയിൽ വിവിധ പദ്ധതികൾക്കായി ലഭിച്ച ഫണ്ടിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്ന 29,05,477 രൂപ (പലിശ ഉൾപ്പെടെ) കാഞ്ഞങ്ങാട് കേരള ഗ്രാമീൺ ബാങ്കിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് തീരദേശ ബീച്ച് ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉൾപ്പെടെ 60 കേന്ദ്രങ്ങളിൽ 12.00 ലക്ഷം രൂപ ചെലവഴിച്ച് പ്ലാസ്റ്റിക് ബോട്ടിൽ ബൂത്ത് സ്ഥാപിക്കാനും 18.00 ലക്ഷം രൂപ പള്ളിക്കരയിലെ ആർ.ആർ.എഫ് അജൈവ മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്ക് യന്ത്ര സാമഗ്രികൾ വാങ്ങാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ശുചിത്വമിഷന്റെ / ക്ലീൻ കേരള കമ്പനിയുടെ മാനദണ്ഡങ്ങൾ പാലിച്ച് പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ധന)വകുപ്പ്**

**4.52 <u>ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.10.200 ലെ കത്തും ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 28.09.2022 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 25.08.2022 II(4)-ാം നമ്പർ തീരുമാനവും (SRG 1035/22 - CC/580/22)**

**വിഷയം:-** ഗ്രാമശ്രീ ഖാദി നെയ്ത്ത് യൂണിറ്റ് കെട്ടിട നിർമ്മാണം സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 102/23* | *അടങ്കൽ* | *19,00,000/ രൂപ (വികസനഫണ്ട് -ജനറൽ)* |
| *പേര്* | *ഗ്രാമശ്രീ ഖാദി നെയ്ത്ത് യൂണിറ്റിന് കെട്ടിട നിർമ്മാണം കുളക്കാട് - വെള്ളിനേഴി ഗ്രാമപഞ്ചായത്ത്* | |

കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2021- ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വെള്ളിനേഴി ഗ്രാമപഞ്ചായത്തിൽ സർവ്വോദയ സംഘം എന്ന ഖാദി സംഘത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എസ്.സി വിഭാഗത്തിൽപ്പെട്ട നെയത്തുകാർക്ക് കെട്ടിടം പണിയുന്നതിന് അനുമതി നൽകിയിരുന്നു. (എസ്.സി.പി വിഹിതം 28.00ലക്ഷം രൂപ) മറ്റൊരു സംഘത്തിന്റെ സ്ഥലത്ത് കെട്ടിടം പണിയാൻ കഴിയാത്ത സാഹചര്യത്തിൽ എസ്. സി

വിഭാഗത്തിനു മാത്രമായി കെട്ടിടം ഉപയോഗിക്കും എന്നും കെട്ടിടവും സ്ഥലവും വില്പന നടത്തുകയില്ല എന്നും ബന്ധപ്പെട്ട സംഘവും ബ്ലോക്ക് പഞ്ചായത്തും തമ്മിൽ കരാറിലേർപ്പെടണമെന്ന നിബന്ധനയോടെയാണ് അനുമതി നൽകിയത്. പട്ടികജാതി വിഭാഗത്തിനു മാത്രമാക്കാതെ എല്ലാ വിഭാഗത്തിനും ഉപയോഗപ്രദമായ രീതിയിൽ കെട്ടിടം പണിയാൻ ലക്ഷ്യമിടുന്നു. എസ്.സി.പി ഫണ്ടിനു പകരം വികസന ഫണ്ട് ജനറൽ ഫണ്ടുപയോഗിക്കുന്ന രീതിയിൽ പ്രോജക്ട് മാറ്റി. ഈ വർഷം 19.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2023-24 ൽ 21.00 ലക്ഷം രൂപയും 2024-25 വർഷം 20.00 ലക്ഷം രൂപയും പിന്നീട് വകയിരുത്തുവാൻ ഉദ്ദേശിക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** കെട്ടിടവും കെട്ടിടം ഇരിക്കുന്ന സ്ഥലവും കുറഞ്ഞത് 50 വർഷത്തേക്കെങ്കിലും വില്പന നടത്തുകയില്ലെന്നും ഇത് ഖാദി, കൈത്തറി വ്യവസായത്തിന് തന്നെ ഉപയോഗിക്കുമെന്നും സംഘവും ബ്ലോക്കു പഞ്ചായത്തുമായി കരാർ വയ്ക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. 26.07.2020 ലെ 1400/2020/തസ്വഭവ ഉത്തരവു പ്രകാരവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022 ലെ യോഗ തീരുമാന (ഖണ്ഡിക 4.53) മനുസരിച്ചാണ്. ഇപ്രകാരം പ്രത്യേകാനുമതി നൽകുന്നത്. സർക്കാർ ഉത്തരവിൽ പറയുന്ന തീരുമാനം ഇപ്രകാരമാണ്. "ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റേയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി ഗ്രാമവ്യവസായ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ചർക്കകളും തറികളും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും 100 ശതമാനം സബ്സിഡി നൽകാവുന്നതാണ്".

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.53. <u>വർക്കല ബ്ലോക്ക് പഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2022-ലെ കത്തുകൾ (2 എണ്ണം) (SRG 1182/22 - CC/468/22).**

**വിഷയം:** പട്ടികജാതി വിഭാഗത്തിലെ വയോജനങ്ങൾക്ക് വീടിനോട് ചേർന്ന് പ്രത്യേക മുറി നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 77/23*** | ***അടങ്കൽ*** | ***35,00,000 രൂപ (എസ്.സി.പി)*** |
| ***പേര്*** | ***പട്ടികജാതി വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് തണൽ മുറി നിർമ്മാണം.*** | |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്നതും സ്വന്തമായി വീടുള്ളതും 60 വയസ്സിനു മുകളിൽ പ്രായമുള്ളതുമായ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വയോജനങ്ങൾക്കു വേണ്ടിയാണ്

പ്രോജക്ട്. 800 ചതുരശ്ര അടിയിലധികം അധികരിക്കാത്ത വീടിനോടു ചേർന്ന് 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു മുറിയും 30 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ടോയിലറ്റും നിർമ്മിക്കുന്നതാണ് പ്രോജക്ട്. ധനസഹായ നിരക്ക് 2.50 ലക്ഷം രൂപ. ഇതിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. എന്നാൽ വീട് വാസയോഗ്യമാക്കാൻ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബത്തിന് 1.50 ലക്ഷം രൂപ നൽകാം. വീടു വാസയോഗ്യമാക്കുന്ന ഈ പദ്ധതിയിൽ വയോജന സൗഹൃദമായി ആവശ്യമായ വിധത്തിൽ മുറി നിർമ്മിക്കാവുന്നതാണ് എന്നറിയിക്കുന്നു. ഒപ്പം വൃദ്ധർക്കായി ഷെൽറ്റർഹോം/ പകൽവീട് എന്നിവ നിർമ്മിക്കുന്നതിന്റെ സാധ്യത ബ്ലോക്ക് പഞ്ചായത്തിന് പരിശോധിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

### 4.54. <u>കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത്</u>

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.10.2022-ലെ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.02.2022-ലെ 2(2) നമ്പർ തീരുമാനവും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടും (SRG 1180/22 - CC/255/22).**

**വിഷയം:** ഭിന്നശേഷിയുള്ള ശ്രീമതി.സുധ.ഇ.ആർ എന്ന ആൾക്ക് വീട്ടിലേയ്ക്ക് റാമ്പ് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 208/22* | *അടങ്കൽ* | *3,82,280 രൂപ (തനത് ഫണ്ട്)* |
| *പേര്* | *കോളനി ജംഗ്ഷൻ കൈലാസംകുന്ന് റോഡിൽ നിന്നും ഭിന്നശേഷി സൗഹൃദ റാമ്പ് നിർമ്മാണം (വാർഡ് 2)* | |

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി.സുധ.ഇ.ആർ. ലക്ഷ്മി ഭവനം, നെടുമൺകാവ് എന്ന ആൾക്ക് വീട്ടിലേയ്ക്ക് മുച്ചക്ര വാഹനത്തിൽ എത്തുന്നതിന് റാമ്പ് നിർമ്മിച്ചു നൽകുന്നതിന് 5.00 ലക്ഷം രൂപ അടങ്കലിൽ 2019-20ൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിൽ 1,17,720 രൂപ ചെലവായി. എന്നാൽ നിർമ്മാണ വേളയിൽ കല്ലുകൊണ്ടുള്ള നിർമ്മാണം വേണ്ട എന്നും പകരം RCCപില്ലറും സ്ലാബും ഉപയോഗിച്ചുള്ള കോൺക്രീറ്റ് റാമ്പ് വേണമെന്നും ഗുണഭോക്താവ് അറിയിച്ചു. ഇവരുടെ വീട് റോഡിൽ നിന്ന് 8 മീറ്ററോളം താഴ്ചയിലാണ്. ഈ രീതിയിൽ റാമ്പു നിർമ്മിക്കുന്നതിന് 12.00 ലക്ഷം രൂപയെങ്കിലും വേണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ റാമ്പ് നിർമ്മിച്ചു നൽകണമെന്നാവശ്യപ്പെട്ട് ഗുണഭോക്താവ് 17.02.2022 ൽ ഗ്രാമപഞ്ചായത്ത് ഓഫിസിനു മുമ്പിൽ നിരാഹാരം അനുഷ്ഠിച്ചിരുന്നു. ഒരു ഗുണഭോക്താവിന് മാത്രമായി ഇത്രയും രൂപ മുടക്കേണ്ടി വരുമെന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് സംയുക്തമായി നൽകാൻ പഞ്ചായത്തു ഡയറക്ടറേയും തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറേയും ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ പിന്നീടു പരിഗണിക്കുന്നതാണ്.

**നടപടി:- 1)പഞ്ചായത്ത് ഡയറക്ടർ**
**2)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**
**3) തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**4.55. <u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2022-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്തു ഭരണസമിതിയുടെ 30.08.2022-ലെ 29/2022(9) -ാം നമ്പർ തീരുമാനം (SRG 1172/22 - CC/666/22).**

**വിഷയം:** ന്യൂ മാഹി പാർക്കിന്റെ (എം.മുകുന്ദൻ പാർക്ക്) മെയിന്റനൻസ് നടത്തിയതിന്റെ തുക നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 618/22*** | ***അടങ്കൽ*** | ***30,00,000 രൂപ (വികസന ഫണ്ട് - ജനറൽ)*** |
| ***പേര്*** | ***എം.മുകുന്ദൻ പാർക്ക്- വൃദ്ധർക്കും കുട്ടികൾക്കുമായുള്ള പാർക്ക്*** | |

ജില്ലാ പഞ്ചായത്ത് 2017-18-ൽ 2.00 കോടി രൂപ വികസനഫണ്ട് വകയിരുത്തി ന്യൂ മാഹി പാർക്ക് (എം.മുകുന്ദൻ പാർക്ക്) നിർമ്മാണത്തിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. 31.10.2020 നു പാർക്കിന്റെ നിർമ്മാണം പൂർത്തിയാക്കി ഉത്ഘാടനം ചെയ്തു. എന്നാൽ കൊവിഡ് സമയമായിതിനാൽ പാർക്ക് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിഞ്ഞില്ല. തുടർന്ന് പാർക്കിന്റെ പരിചരണത്തിനും മറ്റുമായി പാർക്കു നിർമ്മിച്ച ജില്ലാ നിർമ്മിതി കേന്ദ്രയെ ഏല്പിച്ചു. തുടർന്ന് 30.04.2022വരെ നിർമ്മിതി കേന്ദ്ര പാർക്ക് പരിപാലിക്കുകയും താഴെപ്പറയുന്ന പ്രവർത്തികൾ നടത്തുകയും ചെയ്തു. കരാർ വയ്ക്കാതെയാണ് പ്രവൃത്തികൾ നടത്തിയതെങ്കിലും എല്ലാ പ്രവൃത്തികളും എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ബിൽ തുക നൽകുന്നതിന് ഈ വർഷം 30.00 ലക്ഷം രൂപയുടെ പ്രോജക്ട് ജില്ലാ പഞ്ചായത്തു സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്തിട്ടുണ്ട്. ഈ തുക നൽകാൻ അനുതി നൽകണമെന്നതു സംബന്ധിച്ച്

നിർമ്മിതി കേന്ദ്രം നടത്തിയ പ്രവർത്തനങ്ങളും അതിന്റെ എസ്റ്റിമേറ്റ് തുകയും

| | | |
|---|---|---|
| 1) | മെയിന്റനൻസ് വർക്ക് | 8,37,018 രൂപ |
| 2) | ഇലക്ട്രിക്കൽ വർക്ക്, കെ.എസ്.ഇ.ബി കണക്ഷൻ ചാർജ്, ജനറേറ്റർ, CC TVതുടങ്ങിയവ | 3,50,000രൂപ |
| 3) | ഗാർഡൻ, കൊറിയൻ കാർപ്പറ്റ് | 1,00,000 രൂപ |
| 4) | കുടിവെള്ളം, പ്ലംബിംഗ് | 60,000 രൂപ |
| 5) | പാർക്ക് മെയിന്റനൻസ് നടത്തുന്നതിന് സെക്യൂരിറ്റി ചാർജ്ജ്, പൂന്തോട്ട പരിപാലനം, കറന്റ് ചാർജ്ജ് | 8,02,064 രൂപ |
| **ആകെ** | | **21,49,083 രൂപ** |

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കും.

**നടപടി:- 1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.56. **തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.09.2022-ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്തു ഭരണസമിതിയുടെ 11.08.2022-ലെ 10(3) -ാം നമ്പർ തീരുമാനം (SRG -1010/22 - CC/557/22).**

**വിഷയം:** കുടുംബശ്രീ ഷീപാഡ് നിർമ്മാണ യൂണിറ്റുകൾക്ക് പ്രത്യേക സഹായം സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 795/22* | *അടങ്കൽ* | *10,00,000 രൂപ (വികസന ഫണ്ട് - ജനറൽ)* |
| *പേര്* | *ഷീ പാഡ് യൂണിറ്റുകളുടെ പുനരുദ്ധാരണം* | |

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് മൂന്ന് ഷീ പാഡ് നിർമ്മാണ യൂണിറ്റ് തുടങ്ങുകയും ഇത് നടത്തിപ്പിനായി കുടുംബശ്രീക്ക് കൈമാറുകയും ചെയ്തു. ആകെ 67.00 ലക്ഷം രൂപ ചെലവഴിച്ച് തുടങ്ങിയ യൂണിറ്റുകൾ താഴെ പറയുന്നവയാണ്.

1. മുണ്ടൂർ ഡയമണ്ട് ക്ലസ്റ്റർ കേന്ദ്രം, മുണ്ടൂർ
2. ഗുഡ്കെയർ യൂണിറ്റ്, ചൊവന്നൂർ
3. ഹരിത കെയർ യൂണിറ്റ്, ചാഴൂർ

തൃശ്ശൂർ ജില്ലയിലെ എല്ലാ ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്കും ഷീപാഡ് കുറഞ്ഞ വിലയിൽ വിതരണം ചെയ്ത് വെന്റിംഗ് മെഷീൻ മുഖേന വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന രീതിയാണ് വിഭാവനം ചെയ്തിരുന്നത്. കൊവിഡ് മഹാമാരിമൂലം വിദ്യാലയങ്ങൾ അടഞ്ഞു കിടക്കുന്നതിനാൽ ഷീ പാഡ് നിർമ്മാണ യൂണിറ്റുകളുടെ വരുമാനമാർഗ്ഗം ഇല്ലാതായി. ഇപ്പോൾ സ്കൂളുകൾ തുറന്നതിനാൽ ഷീ പാഡ് വിതരണം പുനരാരംഭിക്കാൻ കഴിയും. ഇതിനായി മൂന്ന് കുടുംബശ്രീ യൂണിറ്റുകളും പുനരുജ്ജീവിപ്പിക്കുന്നതിനായി 10.00 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. ഇത് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അധിക തുക കൂടി നല്കിയാൽ ഈ കുടുംബശ്രീ യൂണിറ്റുകൾക്ക് ലാഭകരമായി മുന്നോട്ട് പോകാൻ കഴിയുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കും

**നടപടി:- 1)എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

4.57 <u>മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്</u>

<u>മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.09.2022 ലെ കത്തും അനുബന്ധ രേഖകളും</u> (SRG 1008/22 – CC/561/22).

**വിഷയം:–** എം.എൻ ലക്ഷം വീട് പുനരുദ്ധാരണം – ലോൺ തിരിച്ചടവിൽ പലിശ വികസനഫണ്ടിൽ നിന്ന് നൽകിയതിന് സാധൂകരണം സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 4/21* | ***അടങ്കൽ*** | ***88,068 രൂപ***<br>*(വികസനഫണ്ട് ജനറൽ)* |
| ***പേര്*** | **എം.എൻ ലക്ഷം വീട് പുനരുദ്ധാരണം – ലോൺ തിരിച്ചടവ്** | |

മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് എം.എൻ.ലക്ഷം വീട് പുനനിർമ്മാണത്തിന് 17.50 ലക്ഷം രൂപ മക്കരപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 2015–16, 2016–17 വർഷങ്ങളിലായി വായ്പയെടുത്തിരുന്നു. ലോൺ തുക വികസനഫണ്ടിൽ നിന്നും പലിശ തനതുഫണ്ടിൽ നിന്നുമാണ് അടയ്ക്കേണ്ടിയിരുന്നത്. ഇതു പ്രകാരം ലോൺ തിരികെ അടച്ചു. പലിശ ഇനത്തിൽ തിരികെ അടയ്ക്കേണ്ടിയിരുന്ന ബാക്കി തുക 88,068 രൂപയായിരുന്നു. കൊവിഡ് പശ്ചാത്തലത്തിൽ തനതു വരുമാനം വളരെ കുറഞ്ഞതിനാൽ പലിശയിനത്തിലെ ബാക്കി തുകയായ 88,068 രൂപ വികസനഫണ്ട് ജനറലിൽ നിന്നാണ് അടച്ചത്. വികസനഫണ്ടിൽ നിന്ന് പലിശ അടച്ചതിന് സാധൂകണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്താണെന്നതും കൊവിഡിന്റെ പശ്ചാത്തലത്തിൽ തനതു വരുമാനം കുറഞ്ഞു എന്നതും പരിഗണിച്ച് സാധൂകരണം നൽകുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

4.58 <u>ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്</u>

<u>പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.09.2022 ലെ കത്തും ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 12.09.2022 ലെ കത്തും</u> (SRG 1035/22 – CC/535/22).

**വിഷയം:–** കരിമ്പുഴ ഹെലൻ കെല്ലർ അന്ധവിദ്യാലയത്തിന് പെഡഗോജി പാർക്ക് നിർമ്മാണം സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 95/23* | ***അടങ്കൽ*** | ***15,00,000 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | ***11,00,000 രൂപ*** |
| | *തനത് ഫണ്ട്* | ***1,00,000 രൂപ*** |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | ***3,00,000 രൂപ*** |
| ***പേര്*** | **പെഡഗോജി പാർക്ക് നിർമ്മാണം – ഹെലൻ കെല്ലർ അന്ധവിദ്യാലയം** | |

കേരള ഫെഡറേഷൻ ഫോർ ദ ബ്ലൈൻഡ് എന്ന ചാരിറ്റി സംഘടനയുടെ കീഴിൽ കാഴ്ചയില്ലാത്ത കുട്ടികൾക്കു വേണ്ടിയുള്ള സ്കൂളാണ് ഹെലൻ കെല്ലർ അന്ധവിദ്യാലയം. ഇവിടെ 45 കുട്ടികൾ താമസിച്ചു പഠിക്കുന്നു. ഇവിടെ ഒരു പെഡഗോജി പാർക്ക് നിർമ്മിക്കുന്നതിനു വേണ്ടി അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** കാഴ്ചശക്തിയില്ലാത്തവർക്കുവേണ്ടി വിദ്യാലയം നടത്തുന്നതടക്കമുള്ള ഈ സംഘടനയുടെ പ്രവർത്തനം പൊതുവെ നല്ലതാണ് എന്നത് കൂടി പരിഗണിച്ച് പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

**4.59 മുപ്പൈനാട് ഗ്രാമപഞ്ചായത്ത്**
**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.10.2022 ലെ കത്ത് (SRG 1096/22 – CC/627/22).**

**വിഷയം:-** എസ്റ്റേറ്റ് പ്രദേശത്ത് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 34/23* | ***അടങ്കൽ*** | ***10,00,000 രൂപ*** |
| | *കേന്ദ്രാവിഷ്കൃത വിഹിതം* | ***7,00,000 രൂപ*** |
| | *തനത് ഫണ്ട്* | ***3,00,000 രൂപ*** |
| ***പേര്*** | **കടച്ചിക്കുന്ന് സെക്കന്റ് അങ്കണവാടി കെട്ടിടം നിർമ്മാണം** | |

മുപ്പൈനാട് ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ നിലവിലുള്ള അങ്കണവാടി കെട്ടിടം പ്രവർത്തിക്കുന്നത് പോഡാർ പ്ലാന്റേഷന്റെ ഉടമസ്ഥതയിലുള്ള അപകടാവസ്ഥയിലുള്ള കെട്ടിടത്തിലാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്നിന് ഗ്രാമപഞ്ചായത്ത് 2018-19 വർഷം മുതൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞില്ല. ഗ്രാമപഞ്ചായത്തിന്റെ 60 ശതനമാനം പ്രദേശവും പോഡാർ, ഹാരിസൺസ് എന്നീ എസ്റ്റേറ്റ് കമ്പനികളുടെ കൈവശമാണ്. പോഡാർ കമ്പനി 4 സെന്റ് സ്ഥലം 50 വർഷത്തേക്ക് വിട്ടു നൽകാമെന്ന് കരാർ പ്രകാരം സമ്മതിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇവിടെ അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പോഡാർ കമ്പനി വിട്ടുതന്ന സ്ഥലത്ത് അങ്കണവാടി കെട്ടിടം നിർമ്മിക്കാമെന്നും അത് പൊതുജനങ്ങളുടെ ഉപയോഗത്തിന് തടസ്സം കൂടാതെ വിട്ടു നൽകാമെന്നും കരാറിൽ കൂട്ടിച്ചേർക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.60 പുറത്തൂർ ഗ്രാമപഞ്ചായത്ത്**
**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2022 ലെ കത്തും നൂതന പ്രോജക്ടുകൾക്കുള്ള മലപ്പുറം ജില്ലാതല വിദഗ്ദ്ധസമിതിയുടെ 12.09.2022 ലെ യോഗ തീരുമാനവും (SRG 1091/22 – CC/576/22).**

**വിഷയം:-** പുറത്തൂർ ഗ്രാമപഞ്ചായത്തിൽ സമഗ്ര ഡിജിറ്റൽ സർവ്വേ നടത്തുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 169/23* | ***അടങ്കൽ*** | ***15,00,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | **പുറത്തൂർ ഗ്രാമപഞ്ചായത്ത് സമഗ്ര ഡിജിറ്റൽ വിവരശേഖരണം** | |

ഗ്രാമപഞ്ചായത്തിൽ ഡിജിറ്റൽ വിവരശേഖരണം നടത്തുന്നതിന് നൂതന പദ്ധതി എന്ന നിലയിൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇത് കരകുളം ഗ്രാമീണ പഠനകേന്ദ്രം മുഖേന ഒരു ചതുരശ്ര കിലോമീറ്ററിന് 27,000 രൂപ നിരക്കിൽ നടത്താനാണുദ്ദേശിച്ചത്. കരകുളം ഗ്രാമീണ പഠനകേന്ദ്രം ഇത്തരം വിവരശേഖരണത്തിനുള്ള അക്രഡിറ്റഡ് ഏജൻസിയല്ലെന്നും 04.10.2018 ലെ 2556/2018/LSGD നമ്പർ ഉത്തരവു പ്രകാരം റോഡ് സർവ്വേക്ക് ഒരു ചതുരശ്ര കിലോമീറ്ററിന്

7000 രൂപയാണ് അനുവദിച്ചിരിക്കുന്ന പരിധിയെന്നും ചൂണ്ടി കാണിച്ച് നൂതന പ്രോജക്ടുകൾക്കുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റി അനുമതി നിരസിച്ചു.

എന്നാൽ 12.12.2019 ലെ 2834/2019/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിൽ **GIS/GPS** സംവിധാനങ്ങൾ, റോഡ് കൺസൽട്ടൻസി മാപ്പിംഗ്, ജിയോ മാപ്പിംഗ് എന്നിവയുടെ അക്രഡിറ്റഡ് ഏജൻസിയായി കരകുളം ഗ്രാമീണ പഠന കേന്ദ്രത്തെ അംഗീകരിച്ചിട്ടുണ്ടെന്ന് ചൂണ്ടി കാണിച്ച് ഈ ഏജൻസി മുഖേന വിവരശേഖരണം നടത്താനും ഒരു ചതുരശ്ര കിലോമീറ്ററിന് 27,000 രൂപ വീതം നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറും ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറും പരിശോധിച്ച് സംയുക്തമായി റിപ്പോർട്ട് നൽകണം.

**നടപടി:- 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**
**3) തദ്ദേശസ്വയംഭരണ (ഇ.ജി) വകുപ്പ്**

4.61 <u>പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്</u>
**<u>കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.10.2022 ലെ കത്തും പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.09.2022 ലെ A2/2/22-ാം നമ്പർ കത്തും പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 3(1)-ാം നമ്പർ തീരുമാനവും</u> (SRG 1121/22 - CC/559/22).**

**വിഷയം:-** റോഡ് വശങ്ങളിലെ പുല്ലും കുറ്റിക്കാടുകളും വെട്ടി മാറ്റുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 33/23*** | ***അടങ്കൽ*** | ***2,00,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | **ക്ലീൻ പനച്ചിക്കാട് - പാതയോരത്തെ പുല്ല് വെട്ടുന്നതിന് വേതനം നൽകലും ഇന്ധന ചെലവും** | |

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ പൊതുവഴികളുടെ ഓരങ്ങളിൽ അനിയന്ത്രിതമായി പുല്ലും കുറ്റിക്കാടുകളും വളർന്നു നിൽക്കുന്നതിനാൽ പൊതുജനങ്ങൾ അടുക്കള മാലിന്യവും ഇറച്ചി മാലിന്യവും വലിച്ചെറിയുന്നുണ്ട്. ഇത് തെരുവു നായ ശല്യം വർദ്ധിപ്പിക്കുകയും മാലിന്യ നിർമ്മാർജ്ജനം ദുഷ്കരമാക്കുകയും ചെയ്യുന്നു. ഇതിനു പരിഹാരമായി യന്ത്ര സഹായത്തോടെ വഴിയോരങ്ങളിലെ പുല്ലും കുറ്റിക്കാടുകളും വെട്ടി തെളിക്കുന്നതിന് രണ്ടുപേരെ നിയമിച്ച് വേതനം നൽകാനും യന്ത്രത്തിനാവശ്യമായ ഇന്ധന ചെലവു നൽകാനും അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.62 <u>എറണാകുളം ജില്ലാ പഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2022-ലെ കത്തുകളും എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 30.07.2022-ലെ 1(5)-ാം നമ്പർ തീരുമാനവും (SRG 1120/22).**

**വിഷയം:** കെട്ടിടത്തിന്റെ മേൽക്കൂരയിൽ വീഴുന്ന വെള്ളം സംഭരിക്കുന്നതിനും ഫലവൃക്ഷ തൈകൾക്ക് ഉയർന്ന ധനസഹായ നിരക്ക് നൽകണമെന്നതും സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 803/23* | ***അടങ്കൽ*** | ***20,00,000 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | ***6,00,000 രൂപ*** |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | ***6,00,000 രൂപ*** |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | ***8,00,000 രൂപ*** |
| ***പേര്*** | ***മഴക്കൊയ്ത്ത് – സംയുക്തം*** | |

മഴകൊയ്ത്ത് എന്ന ഈ പ്രോജക്ടിൽ ഉദ്ദേശിക്കുന്നത് മൂവാറ്റുപുഴ ബ്ലോക്കിലെ 8 ഗ്രാമപഞ്ചായത്തുകളിലെയും സർക്കാർ സ്ഥാപനങ്ങളിൽ റൂഫ് ടോപ്പ് വാട്ടർ ഹാർവെസ്റ്റിംഗ് മുഖേന കിണർ റീ ചാർജജിംഗ് നടത്താനും സർക്കാർ സ്ഥാപനങ്ങളിൽ ഫലവൃക്ഷതൈകളുടെ വിതരണവുമാണ് എന്ന് ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം കിണർ റീ ചാർജ്ജിംഗിന് പരന്ന മേൽക്കൂരയ്ക്ക് 12,000 രൂപയും ചരിഞ്ഞ മേൽക്കൂരയ്ക്ക് 15,000 രൂപയുമാണ്. ഇത് 30,000 രൂപവരെയാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഫലവൃക്ഷ തൈകൾക്ക് മാർഗ്ഗരേഖ പ്രകാരം വിലയുടെ 75 ശതമാനമാണ് നൽകാവുന്നത്. ഇത് 100 ശതമാനം സബ്സിഡിയോടെ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മുകളിൽ പറഞ്ഞ നിരക്ക് വ്യക്തിഗത ഗുണഭോക്താക്കൾക്കാണ് എന്ന് യോഗം നിരീക്ഷിച്ചു. വ്യക്തിഗത ഗുണഭോക്താക്കൾക്കൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഘടക സ്ഥാപനങ്ങളിലെ കിണറുകളും റീ ചാർജ്ജു ചെയ്യാം. ഇതിനായി ഘടകസ്ഥാപനങ്ങളുടെ പരന്ന മേൽക്കൂരയുള്ള കെട്ടിടത്തിൽ നിന്നും മഴവെള്ളം സംഭരിക്കുന്നതിന് 20,500 രൂപയും ചരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടത്തിന് 24,500 രൂപയുമാണ് ചെലവഴിക്കാവുന്നത്. (12.12.2017 ലെ 3979/2017/തസ്വഭവ നമ്പർ ഉത്തരവ്) ഈ നിരക്ക് അനുസരിച്ച് പ്രവൃത്തി ചെയ്യാൻ അനുമതി നൽകുന്നു. ഫലവൃക്ഷ തൈ പൊതു സ്ഥലത്താണ് നടുന്നതെങ്കിൽ സൗജന്യമായി നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.63 <u>പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്</u>

**പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 11.11.2022 ലെ കത്തും പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 04.11.2022 ലെ തീരുമാനവും (SRG 1292/22).**

**വിഷയം:** പരശുവയ്ക്കൽ LMS LPS-ന് ഓഡിറ്റോറിയം നിർമ്മിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 13/23*** | ***അടങ്കൽ*** | ***10,00,000 രൂപ*** <br> *(CFC Untied **വിഹിതം**)* |
| ***പേര്*** | **LMS LPS** പരശുവയ്ക്കൽ – ഓഡിറ്റോറിയം നിർമ്മാണം | |

പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പാറശ്ശാല ഗ്രാമപഞ്ചായത്തിൽ പരശുവയ്ക്കൽ LMS LPS ന് ഓഡിറ്റോറിയം നിർമ്മിക്കാനാണ് പ്രോജക്ട്. ഇത് എയ്ഡഡ് സ്കൂൾ ആയതിനാൽ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന്റെ വിഹിതം ഉപയോഗിക്കാൻ കഴിയില്ല. അതിനാൽ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.64 <u>പിറവം നഗരസഭ</u>**

**പിറവം നഗരസഭാ ചെയർപേഴ്സന്റെ 15.10.2022-ലെ E3-11450/21 നമ്പർ കത്തും 04.11.2022-ലെ ഡി.എ1/374/22/LSGD നമ്പർ സർക്കാർ കത്തും (SRG 1293)**

**വിഷയം:** പ്രത്യേക ഘടക പദ്ധതി – പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച്

പിറവം മുനിസിപ്പാലിറ്റി 2015 ൽ പുതിയതായി രൂപീകരിച്ചതാണ്. ഇങ്ങനെ പുതിയതായി രൂപീകരിച്ച നഗരസഭകളിൽ പട്ടികജാതി വികസന ഓഫീസർമാർ ഇല്ലാത്തതിനാൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതുവരെ സമീപത്തുള്ള ബന്ധപ്പെട്ട ബ്ലോക്കിലെ (നേരത്തെ ചാർജ്ജുണ്ടായിരുന്ന) പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തുടരേണ്ടതാണെന്ന് 29.11.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം നൽകിയിരുന്നു. ചില നഗരസഭകളിൽ ഇത് പാലിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടതനുസരിച്ച് 02.12.2021-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ വീണ്ടും ചർച്ച ചെയ്യുകയും ഈ തീരുമാനം കൃത്യമായി പാലിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തു. ഇതു സംബന്ധിച്ച് സർക്കുലറും നൽകി. അനുയോജ്യമായതും നിർവ്വഹണം മറ്റ് ഉദ്യോഗസ്ഥരെ ഏല്പിച്ചിട്ടില്ലാത്തതുമായ പ്രോജക്ടുകൾ മാത്രമേ പട്ടികജാതി വികസന ഓഫീസർമാരെ എൽപ്പിക്കാവൂ എന്നും കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ഓരോ നഗരസഭകളിലും ഇങ്ങനെ നിർവ്വഹണം നടത്തേണ്ട പട്ടികജാതി വികസന ഓഫീസർമാരെ നിശ്ചയിച്ച് പട്ടികജാതി വികസന ഡയറക്ടർ അറിയിപ്പ് നൽകണമെന്നും കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു.

പിറവം മുനിസിപ്പാലിറ്റിയിൽ പട്ടികജാതി വികസന ഓഫീസർ തയ്യാറാക്കിയ (പാമ്പാക്കുട ബ്ലോക്ക്) പ്രോജക്ട് ജില്ലാ പട്ടികജാതി വികസന ഓഫീസർ വെറ്റ ചെയ്യുന്നില്ല. അതിനാൽ എസ്.സി.പി. പ്രോജക്ടുകൾ നിർവ്വഹണം നടത്താൻ കഴിയുന്നില്ല. പട്ടികജാതി വികസന ഓഫീസർ മുഖേന പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണ മെന്നത് സംബന്ധിച്ച്.

**തീരുമാനം :–** 1) കോഓർഡിനേഷൻ കമ്മിറ്റിയുടെ 29.11.2017, 02.12.2021 എന്നീ തീയതികളിലെ യോഗങ്ങളിൽ ഇതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയതാണ്. കൂടാതെ എറണാകുളം ജില്ലാ ആസൂത്രണ സമിതിയുടെ 27.10.2022 ലെ യോഗം ആവശ്യപ്പെട്ടിട്ടും പ്രോജക്ടു വെറ്റ ചെയ്യാത്ത ജില്ലാ പട്ടികജാതി ഓഫീസറുടെ നടപടി ശരിയല്ലായെന്ന് യോഗം വിലയിരുത്തി.

2) പിറവം മുനിസിപ്പാലിറ്റിയിൽ നിന്നയച്ച പ്രോജക്ടുകൾ വെറ്റ ചെയ്യാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പട്ടികജാതി വികസന ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചു. ഇതിന്മേൽ തുടർനടപടി സ്വീകരിക്കാൻ പട്ടികജാതി വികസനവകുപ്പ് ഡയറക്ടറോട് യോഗം ആവശ്യപ്പെട്ടു. വെറ്റിംഗ് നടപടി സമയബന്ധിതമായി പൂർത്തിയാക്കാൻ എറണാകുളം ജില്ലാ കളക്ടർ നടപടി സ്വീകരിക്കണം എന്നും യോഗം നിർദ്ദേശിക്കുന്നു.

**നടപടി:– 1)ഡയറക്ടർ, പട്ടികജാതി വികസനവകുപ്പ്**
**2)ജില്ലാ കളക്ടർ, എറണാകുളം**
**3) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.65 പൂമംഗലം ഗ്രാമപഞ്ചായത്ത്**

**പൂമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.12.2022 ലെ കത്ത് (SRG 1395/22)**

**വിഷയം:** ഗ്രാമപഞ്ചായത്തിലെ ക്രിമിറ്റോറിയത്തിന്റെ നടത്തിപ്പ സംബന്ധിച്ച്

തൃശ്ശൂർ ജില്ലാ പഞ്ചായത്തും വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തും പൂമംഗലം ഗ്രാമപഞ്ചായത്തും ചേർന്ന് 70.00 ലക്ഷം രൂപ ചെലവഴിച്ച് ആധുനിക ഗ്യാസ് ക്രിമിറ്റോറിയം ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചു. 2022 നവംബർ അവസാനം മുതൽ ഇതു പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വളരെ കുറവാണ്. ക്രിമിറ്റോറിയത്തിന്റെ പ്രവർത്തനത്തിന് പ്രതീക്ഷിക്കുന്ന വാർഷിക ചെലവ് താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 | LPG സിലിണ്ടർ ഒന്നിന് 1900 രൂപ നിരക്കിൽ 260 സിലിണ്ടർ | 5,00,000 രൂപ |
| 2 | വൈദ്യുതി, വെള്ളം | 50,000 രൂപ |
| 3 | ജനറേറ്ററിന് ഇന്ധനം, അറ്റകുറ്റപ്പണി | 1,00,000 രൂപ |
| 4 | ജീവനക്കാരിക്ക് വേതനം (പ്രതിമാസം 10,000 രൂപ വീതം) | 1,20,000 രൂപ |
| | **ആകെ** | **7,70,000 രൂപ** |

പട്ടികജാതി വിഭാഗക്കാരിൽ നിന്നും 2500 രൂപയും മറ്റു വിഭാഗക്കാരിൽ നിന്ന് 3500 രൂപയുമാണ് (ഒരാൾക്ക്) പ്രതീക്ഷിക്കുന്ന വരുമാനം. ചിലപ്പോൾ സൗജന്യ നിരക്കിലും മുഴുവൻ സൗജന്യമായും സേവനം നൽകേണ്ടിവരും. ഒരു വർഷം 200 ഗുണഭോക്താക്കളിൽ നിന്നും ശരാശരി 3000 രൂപ നിരക്കിൽ 6.00 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്ന വാർഷിക വരുമാനം. ഇതനുസരിച്ച് 1.70 ലക്ഷം രൂപയുടെ കുറവു വരും. ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വളരെ കുറവായ സാഹചര്യത്തിൽ എൽ.പി.ജി, ജനറേറ്റർ എന്നിവയ്ക്കായി ചെലവിനത്തിൽ വരുന്ന 6.00 ലക്ഷം

രൂപയിൽ 1.70 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.66 <u>ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.12.2022 ലെ കത്തും ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 4.11.2022 ലെ 1(4)-ാം നമ്പർ തീരുമാനവും (SRG 1391/22 - CC/894/22)**

**വിഷയം:** ഇക്കോഷോപ്പ് മുഖേന എല്ലാ ആഴ്ചയിലും 50 ശതമാനം സബ്സിഡിയോടെ പച്ചക്കറിത്തൈകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 158/23*** | ***അടങ്കൽ*** | ***1,00,000 രൂപ*** |
| | *വികസനഫണ്ട് - ജനറൽ* | *50,000 രൂപ* |
| | *ഗുണഭോക്തൃവിഹിതം* | *50,000 രൂപ* |
| ***പേര്*** | ഞങ്ങളും കൃഷിയിലേയ്ക്ക് - നൂതന പ്രോജക്ട് | |

എല്ലാവരേയും കൃഷിയിലേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി കൃഷിഭവന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പ് മുഖേന എല്ലാ ആഴ്ചയിലും പച്ചക്കറി തൈകൾ 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട്. ഇത് നൂതന പ്രോജക്ട് ഗണത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിന് പകരം ജനങ്ങളുടെ ആവശ്യവും മാറുന്ന കാലാവസ്ഥയും പരിഗണിച്ച് എല്ലാ ആഴ്ചയിലും തൈകൾ വിതരണം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. ഗ്രാമസഭാ ലിസ്റ്റ് അനുസരിച്ചല്ല എന്നും നൂതന ആശയം ഇല്ല എന്നും ചൂണ്ടി കാണിച്ച് നൂതന പ്രോജക്ടിനു വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിച്ചിരിക്കുകയാണ്. ഈ പ്രോജക്ടിന് പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. എന്നാൽ ഗ്രാമസഭ തെരഞ്ഞെടുത്ത ലിസ്റ്റ് പ്രകാരം തൈകൾ നൽകേണ്ടതാണ്. ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കു തൈകൾ നൽകിയാൽ അവരുടെ വിവരം തൊട്ടടുത്ത ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

**4.67 <u>ചാലക്കുടി നഗരസഭ</u>**

**ചാലക്കുടി നഗരസഭ സെക്രട്ടറിയുടെ 19.03.2022 ലെ R3-12195/2010-ാം നമ്പർ കത്തും 25.10.2022 ലെ DC3/236/2021/LSGD നമ്പർ സർക്കാർ കത്തും അനുബന്ധരേഖകളും (SRG 1190/22)**

**വിഷയം:** ചാലക്കുടി നഗരസഭ വസ്തു ആർജ്ജിക്കൽ നിയമപ്രകാരം ഏറ്റെടുത്ത ഭൂമിയുടെ ബാധ്യത തീർക്കുന്നതു സംബന്ധിച്ച്.

ചാലക്കുടി നഗരസഭ 2010 ൽ വസ്തു ആർജ്ജിക്കൽ നിയമ പ്രകാരം 3.07 ഏക്കർ ഭൂമി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഏറ്റെടുത്തിരുന്നു. ഇതിന്റെ വില ഭൂമിയുടെ ഉടമകൾക്ക് നൽകിയിരുന്നില്ല. ഇതു സംബന്ധിച്ച് ഭൂഉടമകൾ ഭൂമിയുടെ വില ലഭിക്കുന്നതിന് ബഹു.ഇരിങ്ങാലക്കുട അഡീഷണൽ

സബ്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. ഇതനുസരിച്ച് 12,44,50,590 രൂപ വസ്തുവിന്റെ വിലയും 15 ശതമാനം പലിശയും നൽകാൻ ബഹു.കോടതി ഉത്തരവായി. 13.03.2018 ലെ 672/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം 3,40,47,185 രൂപയും 14.08.2019 ലെ 1756/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2.00 കോടി രൂപയും ഭൂഉടമകൾക്കു നൽകി. 2022 മാർച്ച് വരെ 11,24,60,983 രൂപ പലിശയും ചേർത്ത് ഇനിയും 23,69,11,573 രൂപ കൂടി നൽകാനുണ്ട്.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ സർക്കാർ അനുമതി സംബന്ധിച്ച്.

1. ഭൂഉടമകൾക്ക് 15 ശതമാനം പലിശ നൽകണമെന്നാണ് കോടതി ഉത്തരവായിരിക്കുന്നത്. എന്നാൽ HDFC ബാങ്ക് 7.1 ശതമാനം പലിശയ്ക്ക് മുനിസിപ്പാലിറ്റിക്ക് വായ്പ നൽകാമെന്നറിയിച്ചിട്ടുണ്ട്. നഗരസഭയുടെ ആസ്തികൾ ഈടു നൽകി HDFC ബാങ്കിൽ നിന്ന് വായ്പയെടുത്ത് സ്ഥലം ആർജ്ജിച്ചതിലുള്ള ബാധ്യത കൊടുത്തു തീർക്കാൻ അനുമതി.
2. വായ്പ തിരിച്ചടവിനു നഗരസഭയുടെ തനതുഫണ്ടിനു പുറമെ നഗരസഭയുടെ പൊതു ആവശ്യഫണ്ട്, വികസനഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ വിഹിതവും ഉപയോഗിക്കാൻ അനുമതി.

**തീരുമാനം :-**

1) സർക്കാരിന്റെ 10.12.2022 ലെ 3070/2022/തസ്വഭവ ഉത്തരവുപ്രകാരം മുകളിൽ പറഞ്ഞ ആവശ്യത്തിന്മേൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്.
2) നഗരസഭ എടുക്കാനുദ്ദേശിക്കുന്ന വായ്പ തുക എത്രയാണ്, എത്ര വർഷത്തേക്കാണ് തിരിച്ചടവുള്ളത് എന്നതടക്കമുള്ള വിശദാംശങ്ങളൊന്നും നൽകിയിട്ടില്ല. നഗരസഭയുടെ തനതുഫണ്ടു ലഭ്യത എത്രയാണ്, വികസന ഫണ്ട് / ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്ന് എത്ര രൂപയാണ് ലോൺ/ബാധ്യത തിരിച്ചടവിനുപയോഗിക്കാൻ ഉദ്ദേശിക്കുന്നത് തുടങ്ങിയ വിവരങ്ങളും നൽകിയിട്ടില്ല. ഇവ നൽകുന്ന മുറയ്ക്ക് വായ്പ തിരിച്ചടവിന് വികസന ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാനുള്ള അനുമതിയും ഓരോ വർഷവും എത്ര രൂപ വീതം ഈ വിഹിതത്തിൽ നിന്ന് ഉപയോഗിക്കാം എന്നതും സംബന്ധിച്ച പിന്നീട് തീരുമാനെടുക്കുന്നതാണ്.
3) സ്റ്റേഡിയത്തിനുവേണ്ടി വസ്തു ആർജ്ജിക്കൽ നിയമ പ്രകാരം സ്ഥലം ഏറ്റെടുത്തതു സംബന്ധിച്ച വിഷയങ്ങൾ വിശദമായി വകുപ്പുതലത്തിൽ പരിശോധിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.68 കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്**

**ബഹു. ബാലുശ്ശേരി എം.എൽ.എയുടെ 25.11.2022 ലെ MLA/BLSy/LSGD/14/22-ാം നമ്പർ കത്തും കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.06.2021 ലെ A2-1577/21-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.05.2021 ലെ 10(2)-ാം നമ്പർ തീരുമാനവും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.11.2022 ലെ 400969/SCDVOI/GPO/2022/4403-ാം നമ്പർ സാക്ഷ്യപത്രവും കൂരാച്ചുണ്ട് വില്ലേജ് ഓഫീസറുടെ 18.11.2022 ലെ സാക്ഷ്യപത്രവും (SRG 1350/22)**

**വിഷയം:** വീട് നിർമ്മാണത്തിനു ധനസഹായം നൽകുന്നതു സംബന്ധിച്ച്.

കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിലെ കല്ലാനോട് തുള്ളിക്കണ്ടി ശ്രീ മനോജ് എന്നയാൾക്ക് IAY ഭവനപദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. ഭവന നിർമ്മാണത്തിന്റെ ആദ്യഗഡു 2009-ലും അവസാന ഗഡു 2016-ലും നൽകി. ആകെ 75,000 രൂപയാണ് നൽകിയത്. എന്നാൽ 2019-ലെ പ്രളയത്തിൽ ഇദ്ദേഹത്തിന്റെ വീട് പൂർണ്ണമായും തകർന്നു പോയി. വീട് തകർന്നതുമായി ബന്ധപ്പെട്ട് CMDRF-ൽ നിന്ന് ധനസഹായമൊന്നും നൽകിയിട്ടില്ലെന്ന് കൂരാച്ചുണ്ട് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീ മനോജ് ലൈഫ് ഭവനപദ്ധതിയുടെ എസ്.സി അഡീഷണൽ ലിസ്റ്റിലും ലൈഫ് പദ്ധതിയുടെ 2020-ലെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ IAY ഭവനപദ്ധതിയുടെ അവസാന ഗഡു ലഭിച്ചിട്ട് 12 വർഷം തികഞ്ഞിട്ടില്ലാത്തതിനാൽ ലൈഫ് പദ്ധതി പ്രകാരം ധനസഹായം നൽകാൻ കഴിയുകയില്ല എന്നു ചൂണ്ടി കാണിച്ചുകൊണ്ട് പ്രത്യേകാനുമതി സംബന്ധിച്ച്.

**തീരുമാനം:-** വീട് പൂർണ്ണമായും തകർന്നതാകയാലും CMDRF ൽ നിന്ന് സഹായം ലഭിച്ചിട്ടില്ലാത്തതിനാലും അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

**4.69 പാനൂർ ബ്ലോക്ക് പഞ്ചായത്ത്**

**പാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (ലഭിച്ചത് 29.11.2022) പാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കുറിപ്പും (SRG 1351/22)**

**വിഷയം:** കളരി അക്കാദമിക്ക് സ്ഥലം വാങ്ങുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 37/23*** | ***അടങ്കൽ*** | ***25,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | കളരി അക്കാദമി – ഭൂമി വാങ്ങൽ | |

കതിരൂർ പൊന്ന്യം കളരി അക്കാദമി സ്ഥാപിക്കുമെന്ന് 2022-23 ലെ ബഡ്ജറ്റ് അവതരണത്തിന്റെ മറുപടി പ്രസംഗത്തിൽ ബഹു. ധനകാര്യവകുപ്പ് മന്ത്രി അറിയിച്ചിരുന്നു. ഇതനുസരിച്ച് കളരി അക്കാദമിക്ക് സ്ഥലം വാങ്ങുന്നതിന് 2022-23 ൽ 12.00 ലക്ഷം രൂപ വകയിരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിരുന്നു. അനുമതി ലഭിക്കുവാൻ കാലതാമസം നേരിടും എന്നതിനാൽ ഈ വർഷത്തെ അടങ്കൽ 25,000 രൂപയായി കുറവുചെയ്ത് അടുത്തവർഷം 10.00 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി ബഹുവർഷ പ്രോജക്ടായി പ്രോജക്ട് ഭേദഗതി ചെയ്തു. ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രോജക്ടിന് സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് റവന്യൂ വകുപ്പുമായി ചേർന്ന് വാല്യുവേഷൻ നടപടി പൂർത്തിയാക്കി തുടർനടപടി സ്വീകരിക്കും. സ്ഥലം വാങ്ങാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇതിനായി സർക്കാർ ഫണ്ട് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്ന മുറയ്ക്ക് സ്ഥലം വാങ്ങുന്നതിന് നടപടി സ്വീകരിച്ചാൽ മതിയെന്നു നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ്**

**4.70 <u>കണിച്ചാർ ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.12.2022 ലെ കത്തും കണിച്ചാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.10.2022 ലെ 3/391/2022-ാം നമ്പർ തീരുമാനവും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.09.2022 ലെ 3084/C1/2022/SM നമ്പർ കത്തും.** (SRG 1369/22 - CC/850/22)

**വിഷയം:** കണിച്ചാർ ഗ്രാമപഞ്ചായത്തിലെ 29-ാം മൈൽ വെള്ളച്ചാട്ടത്തിന് സമീപം ജി.ഐ നെറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്.

കണിച്ചാർ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ 29-ാം മൈലിൽ നിടുംപൊയിൽ മാനന്തവാടി ചുരം റോഡിൽ PWD റോഡരുകിൽ വെള്ളച്ചാട്ടമുണ്ട്. ഇവിടം ധാരാളം യാത്രാകാരും വിനോദ സഞ്ചാരികളും കേന്ദ്രീകരിക്കുന്ന സ്ഥലമാണ്. ഇവിടെ ഗ്രാമപഞ്ചായത്ത് കുപ്പിയും മറ്റ മാലിന്യവസ്തുക്കളും ഇടാൻ ബൂത്ത് സ്ഥാപിച്ചിട്ടുണ്ടെങ്കിലും കുപ്പിയടക്കമുള്ള മാലിന്യങ്ങൾ വെള്ളച്ചാട്ടത്തിലും ഓടകളിലും വലിച്ചെറിയുന്നുണ്ട്. ഇങ്ങനെ മാലിന്യം വലിച്ചെറിയുന്നത് തടയാൻ ജി.ഐ പൈപ്പ് സ്ഥാപിച്ച് ജി.ഐ നെറ്റ് വേലി സ്ഥാപിക്കാൻ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 18.66 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. ഇവിടെ വേലി നിർമ്മിക്കുന്നതിന് PWD യുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഇത് PWD യുടെ ഉടമസ്ഥതയിലുള്ളതായതിനാൽ ഗ്രാമപഞ്ചായത്തിന്റെ വിഹിതമുപ യോഗിക്കാൻ തടസ്സമുണ്ട്. ഇതിനാവശ്യമായ ഫണ്ട് ലഭിക്കുന്നതിന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കത്തയച്ചു. ശുചിത്വമിഷൻ നൽകുന്ന സഹായ പദ്ധതിയിൽ മുകളിൽ പറഞ്ഞ ഘടകം ഉൾപ്പെടാത്തതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി ലഭിക്കുകയാണെങ്കിൽ ആവശ്യം പരിഗണിക്കുന്നതാണെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് നൽകുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്നതു സംബന്ധിച്ച്. മുകളിൽ പറഞ്ഞ വെള്ളച്ചാട്ടത്തിലെ മലിനമായ ജലം ഒഴുകിയെത്തുന്നത് കണ്ണൂർ നഗരപ്രദേശത്തും സമീപ ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ളമെത്തിക്കുന്ന പഴശ്ശി പദ്ധതിയിലാണ്.

**തീരുമാനം :-** കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയാൽ ആവശ്യമായ തുക നൽകുന്നത് പരിഗണിക്കാമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചു. ഇതനുസരിച്ച് മുകളിൽ പറഞ്ഞ പ്രവൃത്തിക്ക് ശുചിത്വമിഷൻ വിഹിതം ഇതിനുപയോഗിക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം)വകുപ്പ്**

**4.71 <u>കടങ്ങോട് ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.2022 ലെ കത്ത്** (SRG 1375/22 – CC/763/22).

**വിഷയം:** ഗ്രാമപഞ്ചായത്തിലെ 20 മുതൽ 70 വയസ്സുവരെയുള്ളവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതു സംബന്ധിച്ച്.

| ***പ്രോ.നം: 163/23*** | ***അടങ്കൽ*** | ***10,00,000 രൂപ (തനത് ഫണ്ട്)*** |
|---|---|---|
| ***പേര്*** | പൗരന്മാർക്ക് ഇൻഷ്വറൻസ് പരിരക്ഷ | |

കടങ്ങോട് ഗ്രാമപഞ്ചായത്തിലെ 20 മുതൽ 70 വയസ്സ് വരെയുള്ള ആളുകൾക്ക് അപകടമരണം സംഭവിച്ചാൽ 1.00 ലക്ഷം രൂപയും അവരുടെ അപകട ചികിത്സയ്ക്ക് 25,000 രൂപയും നൽകുന്നതിന് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാനാണ് പ്രോജക്ട്. വാർഷിക പ്രീമിയം 40 രൂപ. ഈ പ്രോജക്ടിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവർത്തന സ്വഭാവുമുള്ള ഇൻഷ്വറൻസ് പോലുള്ള പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ല എന്നു നിർദ്ദേശിക്കുന്നു. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.72 <u>മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 4.11.2022 ലെ കത്തും അനുബന്ധരേഖകളും** (SRG 1258/22 – CC/683/**22).**

**വിഷയം:** കുട്ടികൾക്ക് പോഷക സമൃദ്ധമായ ആഹാരം നൽകുന്നത് സംബന്ധിച്ച്.

| ***പ്രോ.നം: 109/23*** | ***അടങ്കൽ*** | ***30,00,000 രൂപ (വികസനഫണ്ട് – ജനറൽ)*** |
|---|---|---|
| ***പേര്*** | മലപ്പുറം ബ്ലോക്ക് അമ്മമനസ് തങ്കമനസ്സ് പദ്ധതി | |

കുട്ടികളുടെ ആരോഗ്യ പരിപാലനത്തിനു വേണ്ടിയാണ് പ്രോജക്ട്. നവജാത ശിശുവിന് ഗർഭധാരണം മുതൽ കുട്ടിയുടെ രണ്ടാം പിറന്നാൾ വരെയുള്ള 1000 ദിവസത്തെ പരിചരണമാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി ബ്ലോക്കിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അങ്കണവാടി മുഖേന ഇപ്പോൾ നൽകുന്ന പോഷകാഹാരങ്ങൾക്കു പുറമെ പ്രോട്ടീൻ അടങ്ങിയ പാൽ, മുട്ട, പയർവർഗ്ഗങ്ങൾ, കാർബോ ഹൈഡ്രേറ്റ് അടങ്ങിയ ഗോതമ്പ്, മറ്റു ധാന്യങ്ങൾ, ഫൈബർ അടങ്ങിയ ഓട്സ്, ബിസ്കറ്റ്, ബ്രഡ്, വിറ്റമിൻ അടങ്ങിയ അണ്ടിപ്പരിപ്പ്, ബദാം എന്നീ ഭക്ഷണ പദാർത്ഥങ്ങളും കുട്ടികൾക്ക് ബേബി ഫുഡും നൽകുന്നതാണ് പദ്ധതി. കൂടാതെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മെഡിക്കൽ ക്യാമ്പ്, കൗൺസിലിംഗ്, മാനസികോല്ലാസം, നൂറുശതമാനം പ്രതിരോധ കുത്തിവയ്പ്പ് എന്നിവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി ഇതിനു അനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. എന്നാൽ വനിതാശിശുവികസന വകുപ്പിന്റെ മാനദണ്ഡ പ്രകാരമുള്ള പോഷകാഹാരം മാതാവിനും കുട്ടികൾക്കും

മുടക്കം കൂടാതെ ലഭ്യമാക്കുന്ന രീതിയിൽ ആവശ്യമെങ്കിൽ ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമപഞ്ചായത്തിനെ സഹായിക്കുന്നതിനായി വിഹിതം നൽകാവുന്നതാണ്. ഇതിനു പുറമെ ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടതുപോലെ മെഡിക്കൽ ക്യാമ്പ്, കൗൺസിലിംഗ്, മാനസികോല്ലാസം, നൂറു ശതമാനം പ്രതിരോധ കുത്തിവെയ്പ്പ് എന്നിവയ്ക്കുള്ള പദ്ധതിയും ഗ്രാമപഞ്ചായത്തിനു തുക കൈമാറി നടപ്പാക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

### 4.73 മങ്കട ബ്ലോക്ക് പഞ്ചായത്ത്

**ബഹു.മങ്കട എം.എൽ.എയുടെ 26.11.2022 ലെ കത്തും മങ്കട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.11.2022 ലെ കത്തും മങ്കട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ 25.11.2022 ലെ MKD-139/19-ാം നമ്പറായുള്ള സാക്ഷ്യ പത്രവും (SRG 1363/22).**

**വിഷയം:** പട്ടികജാതി സങ്കേതങ്ങളിൽ മിനിമാസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

| | | | |
|---|---|---|---|
| i | *പ്രോ.നം: 25/23* | ***അടങ്കൽ*** | ***4,96,000 രൂപ (എസ്.സി.പി)*** |
| | ***പേര്*** | എസ്.സി.കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | |
| ii | *പ്രോ.നം: 59/23* | ***അടങ്കൽ*** | ***14,00,000 രൂപ (ജനറൽ)*** |
| | ***പേര്*** | മങ്കട ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ എസ്.സി കോളനികളിൽ ഹൈമാസ്റ്റ് സ്ഥാപിക്കൽ | |

ബ്ലോക്ക് പഞ്ചായത്തു പ്രദേശത്തെ വിവിധ പട്ടികജാതി സങ്കേതങ്ങളിൽ മിനിമാസ്റ്റ ലൈറ്റ് സ്ഥാപിക്കാനാണ് മുകളിൽ പറഞ്ഞ രണ്ടു പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തു തയ്യാറാക്കിയിരിക്കുന്നത്. ലഹരി പദാർത്ഥങ്ങളുടെ വ്യാപനവും സാമൂഹ്യ വിരുദ്ധ പ്രവർത്തനവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കേണ്ടത് ആവശ്യമാണെന്ന് ബ്ലോക്ക് പഞ്ചായത്ത് ചൂണ്ടികാണിച്ചിരിക്കുന്നു. മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചാൽ അതിന്റെ അറ്റകുറ്റപ്പണിയും വൈദ്യുത ചാർജ്ജും വഹിക്കുമെന്ന് ഗ്രാമപഞ്ചായത്തുകൾ അറിയിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് ചൂണ്ടികാണിച്ചിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്. താഴെ പറയുന്ന എസ്.സി സങ്കേതങ്ങളിലാണ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതെന്ന് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യ പ്പെടുത്തിയിട്ടുണ്ട്.

1) നെച്ചിനിക്കോട് കോളനി - മങ്കട ഗ്രാമപഞ്ചായത്ത്
2) പാലാപറമ്പ് കോളനി - മങ്കട ഗ്രാമപഞ്ചായത്ത്
3) കുമൻ കുന്നത്ത് കോളനി - മങ്കട ഗ്രാമപഞ്ചായത്ത്
4) പട്ടീൽ പറമ്പ് കോളനി - കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്
5) അണിയം പുറം കോളനി - മൂർക്കനാട് ഗ്രാമപഞ്ചായത്ത്
6) കണക്കൻ തൊടി കോളനി - പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്
7) ലക്ഷം വീട്ടു കോളനി - പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്
8) അമ്പേദ്കർ എസ്.സി കോളനി - മൂർക്കനാട് ഗ്രാമപഞ്ചായത്ത്
9) മേലേ പിലാക്കാട് കോളനി - മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

10) ചാളക്കൽ കോളനി – കുറുവ ഗ്രാമപഞ്ചായത്ത്

11) മങ്ങാരം എസ്.സി കോളനി – കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്

**തീരുമാനം :–** മുകളിൽ പറഞ്ഞ സങ്കേതങ്ങളുടെ പേര് പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുൾപ്പെടുത്തണം. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ അനുമതി വാങ്ങി ഭാവിയിൽ ഇവയുടെ അറ്റകുറ്റപ്പണിയും വൈദ്യുതി ചാർജ്ജും ഗ്രാമപഞ്ചായത്തുകൾ വഹിക്കുമെന്ന് കരാറിലേർപ്പെടണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.74 <u>ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 29.10.2022 ലെ കത്ത്** (SRG 1236/22 – CC/298/22).

**വിഷയം:** തെരുവുവിളക്ക് അറ്റകുറ്റപ്പണി നടത്തിയതിന്റെ തുക നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 144/23*** | ***അടങ്കൽ*** | ***3,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി | |

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് 2020–21 വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. പ്രവൃത്തി പൂർത്തിയാക്കാത്തതിൽ 2021–22 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി. അറ്റകുറ്റപ്പണി നടത്തി ബൾബുകൾ സ്ഥാപിച്ചിട്ടുള്ളതിനാൽ ബിൽ തുക നൽകുന്നതിന് ഭരണ സമിതി ഏകകണ്ഠമായി തീരുമാനമെടുത്തു. എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ പ്രവൃത്തി നടത്തിയ ആൾക്ക് തുക നൽകാൻ കഴിയുന്നില്ല എന്നറിയിച്ചുകൊണ്ട് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയ വിഷയം സംബന്ധിച്ച്.

i. ടെണ്ടർ ഫോമിൽ എസ്റ്റിമേറ്റ് റേറ്റോ, കൃത്യമായ വിവരങ്ങളോ ഒപ്പോ രേഖപ്പെടുത്തിയിട്ടില്ല.
ii. നിരതദ്രവ്യം അടവാക്കിയിട്ടില്ല
iii. ടെണ്ടർ ഫോമിനോടൊപ്പം പ്രാഥമിക കരാർ ഉടമ്പടി സമർപ്പിച്ചിട്ടില്ല
iv. കരാർ ഏറ്റെടുത്ത വ്യക്തി പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയോ നിയമാനുസൃതമായ അഞ്ചുശതമാനം തുക ഒടുക്കുകയോ ചെയ്തിട്ടില്ല.
v. മെയിന്റനൻസ് നടത്തി ബൾബ് സ്ഥാപിച്ചിട്ടുണ്ട് എന്നുള്ള ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ സാക്ഷ്യപത്രം നൽകിയിട്ടില്ല.

**തീരുമാനം :–** ഏതു സാഹചര്യത്തിലാണ് മുകളിൽ പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കാതെ തെരുവുവിളക്കിന്റെ വാർഷിക അറ്റകുറ്റപ്പണി കരാറുകാരനെ ഏൽപ്പിച്ചതെന്നും പ്രവൃത്തി പൂർത്തിയാക്കി യതെന്നും കത്തിൽ വ്യക്തമല്ല. നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി ഏല്പിച്ചതും നടത്തിയതും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വീഴ്ചയാണ്. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ

പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1)പഞ്ചായത്ത് ഡയറക്ടർ**
**2) തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**4.75 ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.10.2022 ലെ കത്തും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.08.2022 ലെ A4-306 (1)/22-ാം നമ്പർ കത്തും (SRG 1234/22 - CC/297/22)**

**വിഷയം:** തെരുവുവിളക്കു സ്ഥാപിച്ചതിന്റെ തുക കരാറുകാരനു നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 143/22* | *അടങ്കൽ* | *4,91,175 രൂപ* |
| | *വികസനഫണ്ട് - ജനറൽ* | *4,90,000 രൂപ* |
| | *തനതുഫണ്ട്* | *1175 രൂപ* |
| *പേര്* | എൽ.ഇ.ഡി തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ | |

തെരുവുവിളക്കു സ്ഥാപിക്കാനായി 2020-21 ൽ പ്രോജക്ട് എടുത്തിരുന്നു. ശ്രീ കമലാസനൻ, പ്രതീക്ഷ എന്റർപ്രൈസസ് എന്നയാളുടെ ടെണ്ടർ ആണ് അംഗീകരിച്ചത്. കരാറുകാരന് 2021 മാർച്ചിനകം തുക നൽകാത്തതിനാൽ 2021-22 ൽ ഇത് സ്പിൽഓവർ ആയി ഉൾപ്പെടുത്തി. എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ ഇതുവരെ തുക നൽകാൻ കഴിഞ്ഞിട്ടില്ല.

i. ടെണ്ടർ ഫോമിൽ എസ്റ്റിമേറ്റ് റേറ്റോ, കൃത്യമായ വിവരങ്ങളോ ഒപ്പോ രേഖപ്പെടുത്തിയിട്ടില്ല.

ii. നിരതദ്രവ്യം അടവാക്കിയിട്ടില്ല

iii. 20 വാട്സിന്റെ ബൾബ് സ്ഥാപിക്കുന്നതിനുവേണ്ടിയാണ് പ്രോജക്ട് രൂപീകരിച്ചതും ടെണ്ടർ ക്ഷണിച്ചതും. ടെണ്ടർ ക്ഷണിച്ചപ്പോൾ കരാർ ഏറ്റെടുത്ത ആൾ ഒഴികെ ബാക്കിയെല്ലാവരും 20 വാട്സിന്റെ നിരക്കാണ് രേഖപ്പെടുത്തിയത്. ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനത്തിൽ 14 വാട്സ് ബൾബ് വാങ്ങി സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തു. ഇതനുസരിച്ച് 14 വാട്സിന്റെ ബൾബാണ് കരാറുകാരൻ സ്ഥാപിച്ചത്.

iv. കരാർ ഏറ്റെടുത്ത വ്യക്തി പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയോ നിയമാനുസൃതമായ 5 ശതമാനം തുക ഒടുക്കുകയോ ചെയ്തിട്ടില്ല. കരാറിന്റെ എല്ലാ പേജിലും കരാറുകാരൻ ഒപ്പിട്ടിട്ടില്ല.

v. ബൾബിന്റെ ഗുണനിലവാരം സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

ഇതിന്മേൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം സംബന്ധിച്ച്.

**തീരുമാനം:-** ഏതു സാഹചര്യത്തിലാണ് മുകളിൽ പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കാതെ തെരുവുവിളക്ക് സ്ഥാപിക്കാനുള്ള ജോലി കരാറുകാരനെ ഏൽപ്പിച്ചതെന്നും പ്രവൃത്തി നടപ്പാക്കിയതെന്നും കത്തിൽ വ്യക്തമല്ല. നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി ഏല്പിച്ചതും പ്രവൃത്തി നടപ്പാക്കിയതും

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വീഴ്ചയാണ്. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1)പഞ്ചായത്ത് ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**4.76 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 02.12.2022 ലെ കത്ത് (SRG 1374/22).**

**വിഷയം:** വനിതാ ഗ്രൂപ്പുകൾക്ക് ലാബറട്ടറികൾ തുടങ്ങുവാൻ ധനസഹായം നൽകുന്നതു സംബന്ധിച്ച്.

വനിതാ ഗ്രൂപ്പുകൾക്ക് ലാബറട്ടറികൾ തുടങ്ങുവാൻ ധനസഹായം നൽകുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കാൻ ജില്ലാ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് നൽകാവുന്ന ധനസഹായം ആകെ ചെലവിന്റെ 75 ശതമാനമാണ്. (പരമാവധി 3.75 ലക്ഷം രൂപ). മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ലാബറട്ടറി ഉപകരണങ്ങൾക്കു മാത്രം 21.30 ലക്ഷം രൂപയാകും. അടിസ്ഥാന സൗകര്യത്തിനുള്ള ചെലവ് ഇതിനു പുറമെ വരും. ലാബറട്ടറി സ്ഥാപിക്കുന്നതിന് എത്ര രൂപ ധനസഹായം നൽകാമെന്ന് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ല. അതിനാൽ ലാബറട്ടറി തുടങ്ങുന്നതിന് തദ്ദേശഭരണസ്ഥാപനത്തിൽ നിന്നു നൽകാവുന്ന ധനസഹായം എത്രയെന്ന് വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള (LED) മാർഗ്ഗരേഖ ഉത്തരവാകുന്ന മുറയ്ക്ക് ഇതിലെ നിർദ്ദേശങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തി പ്രോജക്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു. അല്ലായെങ്കിൽ നിലവിലെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡിയും ബാങ്ക് ലോണും ഉൾപ്പെടുത്തി പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.77 <u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 11.12.2022 ലെ DP/MPM/26/22-ാം നമ്പർ കത്ത് (SRG 1384/22).**

**വിഷയം:** ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷയുടെ വീടിന്റെ വാടക സംബന്ധിച്ച്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗികാവശ്യങ്ങൾക്ക് വീടു വാടകയ്ക്ക് എടുക്കുന്നതിന് നിലവിൽ അനുവദിക്കുന്ന തുക 5,000 രൂപയാണ്. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് ഓഫീസിൽ എത്തുന്നതിന് 70 കിലോമീറ്ററോളം സഞ്ചരിക്കണം. ഇതു പ്രായോഗികമല്ലാത്തതിനാൽ ഓഫീസിനടുത്ത് വീടു വാടകയ്ക്കെടുത്തിട്ടുണ്ട്. വാടക 15,000 രൂപ. വനിതകൾക്ക് സുരക്ഷിതമായ താമസസൗകര്യത്തിന് ചെലവു കൂടും. അതിനാൽ പ്രതിമാസ വീടു വാടക 15,000 രൂപയെങ്കിലും ആയി ഉയർത്തണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വീട്ടു വാടകയ്ക്കെടുത്താണ് താമസിക്കുന്നത് എന്നതിനാൽ 10,000 രൂപ വാടകയിനത്തിൽ നൽകാൻ പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

**4.78 <u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 09.12.2022 ലെ MPM/DP/30/2022-ാം നമ്പർ കത്ത് (SRG 1385/22).**

**വിഷയം:** അഭ്യസ്തവിദ്യരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നത് സംബന്ധിച്ച്.

മലപ്പുറം ജില്ലാ പഞ്ചായത്ത് 2022-23 ൽ പട്ടികജാതി വിഭാഗത്തിലെ ഉദ്യോഗാർത്ഥികളായ യുവതി യുവാക്കൾക്ക് സർക്കാർ ഓഫീസുകളിലും ആശുപത്രികളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഇന്റേൺഷിപ്പ് പരിശീലനം എന്ന പേരിൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ആകെ 75 ഉദ്യോഗാർത്ഥികൾക്ക് വിവിധ ഓഫീസുകളിലും ആശുപത്രികളിലും പരിശീലനം നൽകുന്നു. ഇതിൽ 22 ഉദ്യോഗാർത്ഥികൾ ഡി.എം.എൽ.ടി കോഴ്സ് പാസ്സായിട്ടുള്ളവരാണ്. ഇവരെ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ജില്ലാ ആശുപത്രികളിലേക്കാണ് നിയോഗിച്ചിട്ടുള്ളത്. ഇവർക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ പരിശീലനം നൽകിവരവെ ഇവരുടെ ഡി.എം.എൽ.ടി യോഗ്യത സർട്ടിഫിക്കറ്റുകൾ പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്തവയാണെന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് പഠിച്ചിറങ്ങിയ ഉദ്യോഗാർത്ഥികൾക്ക് മാത്രമെ ഇത്തരത്തിൽ പരിശീലനം നൽകാവൂ എന്നും അറിയിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ചില സ്ഥാപന മേധാവികൾ പരിശീലനാർത്ഥികളുടെ യോഗ്യത സർട്ടിഫിക്കറ്റിന് അംഗീകാരമില്ല എന്ന കാരണം കാണിച്ച് പരിശീലനത്തിന് നിയോഗിക്കാൻ വിസമ്മതം അറിയിച്ചിട്ടുമുണ്ട്. ഇവർ നിലവിൽ രണ്ട് മാസ കാലയളവിൽ വിവിധ ആശുപത്രികളിൽ പരിശീലനം നേടിയിട്ടുള്ളവരാണ്. പദ്ധതി മാർഗ്ഗരേഖയിൽ എം.എൽ.ടി കോഴ്സുകൾ പൂർത്തിയായവർക്ക് പരിശീലനം നൽകാം എന്ന് മാത്രമെ പരാമർശിക്കുന്നുള്ളു. അവ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് നേടിയതായിരിക്കണമെന്ന് പ്രത്യേകം പരാമർശിച്ചിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് മലപ്പുറം ജില്ലാ പഞ്ചായത്ത് 22 ഉദ്യോഗാർത്ഥികളെ വിവിധ ആശുപത്രികളിൽ പരിശീലനത്തിന് നിയോഗിച്ചിട്ടുള്ളത്. പരിശീലനം 2 മാസം പൂർത്തിയാക്കിയിട്ടുള്ളതിനാൽ അവർ സ്റ്റൈപന്റിന് അർഹരുമാണ്. ഡി.എം.എൽ.ടി കഴിഞ്ഞ ഒരു ഉദ്യോഗാർത്ഥിക്ക് പരിശീലനം നൽകുന്നത് വഴി പ്രതിമാസം 8000 രൂപയാണ് സ്റ്റൈഫന്റ് അനുവദിക്കേണ്ടത്. പ്രസ്തുത ഇനത്തിൽ ആകെ 22 ഉദ്യോഗാർത്ഥികൾക്ക് പ്രതിമാസം 8000 രൂപ നിരക്കിൽ 2 മാസത്തേക്ക് ആകെ 3,52,000 രൂപ നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ പട്ടികജാതി വിഭാഗം യുവതീ-യുവാക്കൾക്ക് സർക്കാർ ഓഫീസുകളിലും, ആശുപത്രികളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പരിശീലനം നൽകിയ 22 ഡി.എം.എൽ.ടി ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപന്റ് ഇനത്തിൽ അനുവദിച്ച 3,52,000/- രൂപയ്ക്ക് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്. ഒപ്പം ഇത്തരം കോഴ്സുകൾ സംബന്ധിച്ച് മാർഗ്ഗരേഖയിൽ വ്യക്തത വരുത്തണമെന്ന ആവശ്യവും സംബന്ധിച്ച്.

**തീരുമാനം :-**

1) ഡി.എം.എൽ.റ്റി കോഴ്സ് പാസായ 22 പേർക്ക് ഇതുവരെ പരിശീലനം നൽകിയതിനും സ്റ്റൈപന്റ് നൽകിയതിനും സാധൂകരണം നൽകുന്നു.

2) സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള എം.എൽ.റ്റി, ഡി.എം.എൽ.റ്റി സർട്ടിഫിക്കറ്റിനു മാത്രമേ അംഗീകാരമുള്ളു എന്ന വിഷയത്തിന്മേൽ ആരോഗ്യവകുപ്പ ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ച് ആവശ്യമെങ്കിൽ മാർഗ്ഗരേഖയിൽ മാറ്റം വരുത്തുന്നതായിരിക്കും.

**നടപടി:- 1)ഡയറക്ടർ, ആരോഗ്യവകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**4.79 കൊന്നത്തടി ഗ്രാമപഞ്ചായത്ത്**

**ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ 09.11.2022 ലെ 10804/**R1/IDK/M(WR)/2022-ാം **നമ്പർ കത്തും കൊന്നത്തടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 8.11.2022 ലെ കത്തും കൊന്നത്തടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.09.2022 ലെ 9(1)-ാം നമ്പർ തീരുമാനവും (SRG 1338/22).**

**വിഷയം:** ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച്.

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (28.05.2022 ലെ 115/22/തസ്വഭവ നമ്പർ ഉത്തരവ്) എഞ്ചിനീയറിംഗ് വിഭാഗത്തിന് സ്വന്തമായി വാഹനമില്ലെങ്കിൽ വാഹനം വാടകയ്ക്കെടുക്കാവുന്നതാണ്. 2017-നു ശേഷമുള്ള മോഡൽ വാഹനമാണ് വാടകയ്ക്ക് എടുക്കാവുന്നത്. ഇങ്ങനെയുള്ള വാഹനം വാടകയ്ക്കെടുക്കാൻ കൊന്നത്തടി ഗ്രാമപഞ്ചായത്ത് രണ്ടു പ്രാവശ്യം ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും വാഹനം ലഭിച്ചില്ല. ഇടുക്കി ജില്ലയിൽ പലയിടത്തും 'ഫോർവീൽ' വാഹനമേ ഉപയോഗിക്കാൻ കഴിയു. 2017-നു ശേഷം ഫോർ വീൽ വാഹനം കമ്പനികൾ വിതരണം ചെയ്യുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിരിക്കുന്നു. അതിനാൽ 2017 നു ശേഷമുള്ള മോഡൽ വാഹനം തന്നെ വാടകയ്ക്കെടുക്കണമെന്ന നിബന്ധന ഒഴിവാക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം:-**

ഇടുക്കി ജില്ലയുടെ പ്രത്യേകത പരിഗണിച്ച് മലയോര മേഖലയിൽ 'ഫോർവീൽ' വാഹനം തന്നെ വേണമെന്നുണ്ടെങ്കിൽ 2017-നു ശേഷമുള്ള ഇത്തരം മോഡൽ ലഭ്യമല്ലെങ്കിൽ മാത്രം ഈ മോഡൽ ഉല്പാദനവർഷം നോക്കാതെ വാടകയ്ക്ക് എടുക്കാൻ കൊന്നത്തടി ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.80 കടങ്ങോട് ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.2022 ലെ കത്ത് (SRG 1098/22 - CC /762/22).**

**വിഷയം:** പച്ചക്കറി താങ്ങുവില സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 265/23* | ***അടങ്കൽ*** | *1,00,000 രൂപ (തനത് ഫണ്ട്)* |
| ***പേര്*** | പച്ചക്കറി താങ്ങുവില സബ്സിഡി | |

കടങ്ങോട് ഗ്രാമപഞ്ചായത്തിലെ കാർഷിക വിപണന കേന്ദ്രം വഴി പച്ചക്കറി കൃഷിക്ക് താങ്ങുവില നൽകുന്നതിനാണ് പ്രോജക്ട്. ഇതു നടപ്പാക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു പിന്നീട് പരിഗണിക്കാൻ മാറ്റിവച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**4.81 <u>ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.12.2022 ലെ കത്തും ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.10.2022 ലെ 13/1-ാം നമ്പർ തീരുമാനവും (SRG 1390/22 - CC /826/22).**

**വിഷയം:** പട്ടികജാതി വിഭാഗക്കാർക്ക് ഓട്ടോറിക്ഷ നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 137/23* | ***അടങ്കൽ*** | ***6,00,000 രൂപ*** |
| | *എസ്.സി.പി* | *1,20,000 രൂപ* |
| | *ബാങ്ക് വായ്പ* | *4,80,000 രൂപ* |
| ***പേര്*** | പട്ടികജാതി വിഭാഗക്കാർക്ക് മുചക്രവാഹന വിതരണം | |

പട്ടികജാതി വിഭാഗക്കാർക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്നതിന് 2021-22 വർഷം ഗ്രാപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിരുന്നു. ബാങ്ക് ലോൺ ലഭിക്കുന്നതിനുള്ള നടപടി ക്രമം കഴിഞ്ഞവർഷം പൂർത്തിയാക്കാൻ കഴിയാത്തതിനാൽ ശ്രീ.മനോജ് തയ്യുള്ളതിൽ, ശ്രീ.ജിനീഷ് മുളിയമ്പിലകൽ എന്നിവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ധനസഹായം നൽകാൻ കഴിഞ്ഞില്ല. ഈ വർഷം ഇവർക്ക് ബാങ്ക് ലോൺ ലഭിക്കുകയും ഇവർ ഓട്ടോറിക്ഷ വാങ്ങുകയും ചെയ്തു. ഇവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള വിഹിതം നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മാർഗ്ഗരേഖപ്രകാരമുള്ള നിരക്കിൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ധനസഹായം നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.82 <u>കടമക്കുടി ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.10.2022, 28.10.2022 എന്നീ തീയതികളിലെ കത്തുകളും കടമക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.10.2022 ലെ 2(1)-ാം നമ്പർ തീരുമാനവും (SRG 1188/22 - CC/722/22)**

**വിഷയം:** പഠനമുറി നിർമ്മിച്ചതിന്റെ അവസാനഗഡു നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 20/23* | ***അടങ്കൽ*** | *1,50,000 രൂപ (എസ്.സി.പി)* |
| ***പേര്*** | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | |

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥിക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിന് 2021-22 ൽ ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഹൈസ്കൂൾ വിദ്യാർത്ഥിയായ രാസ രാജീവ് (S/o സുനിത രാജീവ്) -നെ ഈ പദ്ധതിയിലെ ഗുണഭോക്താവായി തെരഞ്ഞെടുക്കുകയും ആദ്യത്തെ രണ്ടു ഗഡു (50,000 രൂപ + 75,000 രൂപ) നൽകുകയും ചെയ്തു. പഠനമുറി ഈ വർഷമാണ് പൂർത്തീകരിച്ചത്. പൂർത്തീകരിച്ച ഘട്ടത്തിൽ രാസ രാജീവ് എന്ന വിദ്യാർത്ഥി മരണപ്പെട്ടുപോയി. ഈ വർഷം സ്പിൽഓവറായി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടി മരണപ്പെട്ടുവെങ്കിലും അവസാനഗഡു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ബാക്കി തുക കൂടി (ആകെ 2.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി) നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.83 <u>വെച്ചൂർ ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.11.2022 ലെ കത്തും വെച്ചൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.11.2022 ലെ 1(5)-ാം നമ്പർ തീരുമാനവും (SRG 1410/22 - CC/824/22)**

**വിഷയം:** പട്ടടക്കരി പാലം നിർമ്മിച്ചതിന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 140/23*** | ***അടങ്കൽ*** | ***1,00,000 രൂപ (വികസനഫണ്ട് - ജനറൽ)*** |
| ***പേര്*** | മറ്റം - പട്ടടക്കരി പാലം നിർമ്മാണം - ഗുണഭോക്തൃ സമിതിക്ക് തുക അനുവദിക്കൽ | |

വെച്ചൂർ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ കൊട്ടുതുരുത്ത് - മറ്റം റോഡിലാണ് പട്ടടക്കരി പാലം. ഏതാനും മാസങ്ങൾക്കു മുമ്പ് ടിപ്പർ ലോറി കടന്നുപോയപ്പോൾ പാലം തകർന്നുപോയി. പാലം പുനർനിർമ്മിക്കാൻ ഫണ്ടു കണ്ടെത്താൻ ബുദ്ധമുട്ട് വന്നപ്പോൾ പ്രദേശ വാസികൾ ഫണ്ടു ശേഖരിച്ച് പാലം പുനർനിർമ്മിച്ചു. ഇതിന് ആകെ 6.85 ലക്ഷം രൂപ ചെലവായി. ആകെ 5.00 ലക്ഷം രൂപയാണ് സമാഹരിക്കാനായത്. ബാക്കി പണം (1.85 ലക്ഷം രൂപ) ഗ്രാമപഞ്ചായത്തിൽ നിന്ന് അനുവദിക്കണമെന്ന് പാലം നിർമ്മാണ കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന മൂല്യനിർണ്ണയം നടത്തി നിർമ്മിതിയുടെ ഗുണമേന്മ ഉറപ്പാക്കിയിട്ടുണ്ട്. പാലം നിർമ്മിച്ച കമ്മിറ്റിക്ക് 1.00 ലക്ഷം രൂപ വികസനഫണ്ടിൽ നിന്നു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഗുണഭോക്തൃസമിതി മുഖേന 6.85 ലക്ഷം രൂപയുടെ ആസ്തി ഗ്രാമപഞ്ചായത്തിൽ സൃഷ്ടിക്കപ്പെട്ടു എന്നത് മാതൃകാപരമാണ്. എന്ന് യോഗം വിലയിരുത്തി. ഗ്രാമപഞ്ചായത്തിനേയും ഗുണഭോക്തൃസമിതിയേയും യോഗം പ്രത്യേകം അഭിനന്ദിച്ചു. ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം 1.00 ലക്ഷം രൂപ ഗുണഭോക്തൃസമിതിക്കു നൽകുന്നതിന് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.84 <u>മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2022 ലെ <u>കത്തും</u> അനുബന്ധരേഖകളും** (SRG 1367/22)

**വിഷയം:** പൂക്കോട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ക്ലീനിംഗ് കം ഹെൽപ്പറെ നിയമിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 107/22*** | ***അടങ്കൽ*** | ***1,30,000 രൂപ (വികസനഫണ്ട് - ജനറൽ)*** |
| ***പേര്*** | പൂക്കോട്ട് പി.എച്ച്.സിയിലേയ്ക്ക് ക്ലീനിംഗ് കം ഹെൽപ്പറെ നിയമിക്കൽ | |

ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പൂക്കോട്ടൂരിൽ പ്രവർത്തിക്കുന്ന പി.എച്ച്.സിയിൽ ക്ലീനിംഗ് സ്റ്റാഫിന്റെ താല്ക്കാലിക തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വേതനം നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** താല്ക്കാലികമായി തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം നിരസിച്ചു. എന്നാൽ ഒരു ക്ലീനിംഗ് കം ഹെൽപ്പറെ ദിവസവേതനാടി സ്ഥാനത്തിൽ ഈ വർഷത്തേക്കു മാത്രം ധനവകുപ്പിന്റെ ഉത്തരവിലെ മാനദണ്ഡപ്രകാരം നിയമിക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**4.85 <u>മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2022 ലെ <u>കത്തും</u>** (SRG 1365/22)

**വിഷയം:** പൂക്കോട്ടൂർ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 106/23*** | ***അടങ്കൽ*** | ***3,93,000 രൂപ (വികസനഫണ്ട് - ജനറൽ)*** |
| ***പേര്*** | ഫിസിയോ തെറാപ്പി യൂണിറ്റിലേയ്ക്ക് താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിക്കൽ | |

പൂക്കോട്ടൂർ പി.എച്ച്.സിയിൽ ഒരു ഫിസിയോ തെറാപ്പി യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഒരു ഫിസിയോ തെറാപ്പിസ്റ്റ് ഇവിടെയുണ്ട് എങ്കിലും ആഴ്ചയിൽ രണ്ടു ദിവസം മാത്രമേ അവരുടെ സേവനം ലഭിക്കുകയുള്ളൂ. ബാക്കി ദിവസങ്ങളിൽ ഇവർ ഹോം കെയർ പ്രവർത്തനത്തിനു പോകും. അതിനാൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ ഒരു താല്ക്കാലിക തസ്തിക സൃഷ്ടിച്ച് നിയമനം നടത്താനും വേതനം നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**4.86 <u>മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2022 ലെ കത്തും മലപ്പുറം ഓഡിറ്റ് ഓഫീസറുടെ 26.05.2022 ലെ കുറിപ്പും അനുബന്ധ രേഖകളും** (SRG 1366/22)

**വിഷയം:** ആറു മീറ്ററിൽ താഴെ വീതിയുള്ള റോഡുകൾ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചതിന് സാധൂകരണം സംബന്ധിച്ച്

മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷം എസ്.സി.പി ഫണ്ടുപയോഗിച്ച് 6 മീറ്ററിൽ കുറഞ്ഞ വീതിയുള്ള റോഡുകൾ നിർമ്മിച്ചിരുന്നു. ഇതിന്മേൽ സംസ്ഥാന ഓഡിറ്റ് വിഭാഗം കുറിപ്പെഴുതിയിട്ടുണ്ട്. പാണായി -അവുഞ്ഞിപ്പുറം റോഡ് ടാറിംഗ് - ആനക്കയം ഗ്രാമപഞ്ചായത്ത് (പ്രോ.നം. 45/21, ചെലവ് 7,86,365 രൂപ), അത്താണിക്കൽ മണ്ണാരക്കൽ എസ്.സി കോളനി റോഡ് പുനരുദ്ധാരണം - പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് (പ്രോ.നം.51/21, അടങ്കൽ 3,69,214 രൂപ) എന്നീ പ്രവൃത്തികളിന്മേലാണ് ഓഡിറ്റ് കുറിപ്പുള്ളത്. എസ്.സി കോളനികളിൽ റോഡുൾക്ക് പൊതുവെ വീതി കുറവാണെന്ന് ചൂണ്ടികാണിച്ച് ഈ പ്രോജക്ടുകളിൽ സാധൂകരണം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം 6 മീറ്ററിൽ കുറവു വീതിയുള്ള നാലു റോഡു നിർമ്മാണ പ്രോജക്ടുകൾ 2022-23 ൽ ഏറ്റെടുത്തിട്ടുണ്ടെന്നും അവയുടെ നിർവ്വഹണത്തിന് അനുമതി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

**തീരുമാനം:-**

1) ഓഡിറ്റ് കുറിപ്പുള്ള വിഷയം വകുപ്പുതല പരിഗണനയ്ക്കായി നൽകാൻ നിർദ്ദേശിക്കുന്നു. കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്**

2) പുതിയതായി ഏറ്റെടുത്ത ഈ വർഷത്തെ 6 മീറ്ററിൽ കുറവു വീതിയുള്ള റോഡുകളുടെ നിർമ്മിതികൾക്കുള്ള വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറി നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.87 <u>പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്</u>**

**പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.12.2022 ലെ** SC3-105/22-ാം **നമ്പർ കത്ത്** (SRG 1412/22)

**വിഷയം:** പട്ടികജാതി വിഭാഗക്കാരുടെ വീടുകൾ സ്ഥിതി ചെയ്യുന്ന ഭൂമി മണ്ണിട്ടുയർത്തുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 105/23*** | ***അടങ്കൽ*** | ***6,50,000 രൂപ (എസ്.സി.പി)*** |
| ***പേര്*** | വെള്ളക്കെട്ട് പ്രദേശത്തെ എസ്.സി വിഭാഗക്കാരുടെ താമസ ഭൂമി മണ്ണിട്ടുയർത്തൽ | |

പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന വീടുകൾക്കു ചുറ്റും വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യമുണ്ട്. വർഷത്തിൽ 8 മാസത്തോളം ഈ സ്ഥിതി ഉണ്ടാകും. ഇത്തരം പ്രദേശം കല്ലുകെട്ടി ഉയർത്തുന്നതിന് ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നതിനാണ് പ്രോജക്ട്. ഇങ്ങനെ ഗുണഭോക്താക്കൾതന്നെ കല്ലുകെട്ടി മണ്ണിട്ടുയർത്തുമ്പോൾ അസിസ്റ്റന്റ്

എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 75 ശതമാനം തുക (പരമാവധി 50,000 രൂപ) എന്ന രീതിയിൽ പരിമിതപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. എന്നാൽ തടസ്സം കൂടാതെയുള്ള ജലനിർഗ്ഗമനവും ഡ്രയിനേജും ഉറപ്പാക്കി മാത്രമേ മണ്ണിട്ടുയർത്തൽ നടത്താവു എന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.88 <u>**നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി**</u>

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ 15.12.2022 ലെ പി.എൽ.ജി.1040/2022-23/ഡി.പി.സി/ഡി.പി.ഒ/ തിരു. നമ്പർ കത്തും നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിയുടെ 14.12.2022 ലെ E2/22224/21-ാം നമ്പർ കത്തും (SRG 1413/22)**

**വിഷയം:** നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ ലൈഫ് ഭവന പദ്ധതിക്കു മാറ്റി വയ്ക്കേണ്ട തുകയിൽ ഇളവു വരുത്തണമെന്നതു സംബന്ധിച്ച്

ഈ വർഷം 7.3466 കോടി രൂപ വികസനഫണ്ട് (സാധാരണ വിഹിതം) വകയിരുത്തിയാണ് നെയ്യാറ്റിൻകര നഗരസഭ ആദ്യം പദ്ധതി തയ്യാറാക്കിയത്. എന്നാൽ വിഹിതം പുനഃക്രമീകരിച്ചപ്പോൾ 6.267 കോടി രൂപ മാത്രമാണ് അനുവദിച്ചത്. ഇതിൽ നിന്നും 1.54 കോടി രൂപ ലൈഫ് ഭവന പദ്ധതിയുടെ വായ്പ (മുതൽ) തിരിച്ചടവായി ഉറവിടത്തിൽ തന്നെ തിരിച്ചു പിടിച്ചു. വികസനഫണ്ട് ജനറൽ വിഭാഗത്തിൽ 1,25,34,000 രൂപ ഈ വർഷം ലൈഫ് ഭവനപദ്ധതിയ്ക്കായി മാറ്റി വച്ചിരുന്നു. ഉറവിടത്തിൽ നിന്നു തന്നെ 1.54 കോടി രൂപ കുറവു ചെയ്ത സാഹചര്യത്തിലും പ്രതീക്ഷിച്ചതിലും വികസന ഫണ്ടു കുറഞ്ഞതിനാലും ലൈഫ് ഭവന പദ്ധതിയ്ക്കായി വികസനഫണ്ടു ജനറലിൽ നിന്നു മാറ്റിവച്ച 1,25,34,000 രൂപലൈഫ് പദ്ധതിയിൽ നിന്നൊഴിവാക്കി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ സുലേഖാ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** PMAY ലൈഫ് പദ്ധതിയിൽ ഈ വർഷം 987 ഗുണഭോക്താക്കൾ ഉണ്ട് എന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചു. ഇവർക്ക് മതിയായ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുമെന്നതിനാൽ ലൈഫ് ഭവനപദ്ധതിക്ക് മാറ്റിവച്ച വിഹിതം ഒഴിവാക്കരുതെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. വരാൻ പോകുന്ന മൂന്നുമാസം കൊണ്ട് ഭവനപദ്ധതിയ്ക്ക് തുക ചെലവഴിക്കാൻ ബുദ്ധിമുട്ടാണെന്ന് നഗരകാര്യ ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ യോഗം താഴെ പറയുന്ന തീരുമാനമെടുത്തു.

1) നഗരസഭയുടെ ആവശ്യം നിരസിച്ചു. തുക ചെലവഴിക്കാൻ ബുദ്ധിമുട്ടു വന്നാൽ PMAY-Life ഭവന പദ്ധതി ഗുണഭോക്താക്കളുമായി കരാറിലേർപ്പെട്ട് അവർക്കു നൽകേണ്ട ആദ്യ ഗഡു ഈ വിഹിതമുപയോഗിച്ചു നൽകണം.

2) ഈ വർഷത്തെ അന്തിമപദ്ധതി സമർപ്പിക്കുന്നതിന് വാലിഡേഷൻ ക്രമപ്പെടുത്തുന്നതിന് നഗരസഭാതലത്തിൽ നടപടി സ്വീകരിക്കണം. ഇതിനായി ഏകവർഷ പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടാക്കുകയോ അത്യാവശ്യമില്ലാത്തതും ഈ വർഷം പൂർത്തിയാക്കാൻ കഴിയാത്തതുമായ പ്രോജക്ടുകൾ ഒഴിവാക്കുകയോ ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

യോഗം വൈകുന്നേരം 6.30 ന് അവസാനിച്ചു.

അനുബന്ധം

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് (പ്രതിനിധി)
4. ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
5. പ്രിൻസിപ്പൽ ഡയറക്ടർ & ഗ്രാമവികസന കമ്മീഷണർ (പ്രതിനിധി)
6. പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (പ്രതിനിധി)
7. അഡീഷണൽ ചീഫ് സെക്രട്ടറി, ധനവകുപ്പ് (പ്രതിനിധി)
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
10. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
11. മിഷൻ ഡയറക്ടർ, MGNREGS (പ്രതിനിധി)
12. ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
13. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
14. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
15. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ക്ലീൻകേരള മിഷൻ (പ്രതിനിധി)
17. ഡയറക്ടർ, ആരോഗ്യവകുപ്പ് (പ്രതിനിധി)